# രചനയും മലയാള ഭാഷാ സാങ്കേതികതയും

ഹുസൈൻ കെ.എച്ച്
(കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ മെമ്മോറിയൽ കോളേജ്, 2005)

മലയാളഭാഷാ സാങ്കേതിക രംഗത്ത് അർത്ഥവത്തായ സംവാദങ്ങൾക്ക് തുടക്കം കുറിച്ച 'രചന' ആരംഭിക്കുന്നത് 1999 ൽ ആണ്. ഞങ്ങൾ കുറച്ചു സുഹൃത്തുക്കൾ ഉൾപ്പെടുന്ന ഈ പ്രൊജക്റ്റും ഭാഷാ കാമ്പയ്നിങ്ങും നേതൃത്വം നൽകുന്നത് ശ്രീ. ആർ. ചിത്രജകുമാർ (മലയാളം ലെക്സിക്കൺ, കേരള യൂണിവേഴ്സിറ്റി, തിരുവനന്തപുരം) ആണ്. 'രചന' എന്ന പേരിലറിയപ്പെടുന്ന സോഫ്റ്റ്‌വെയർ ഈ ഭാഷാ പ്രസ്ഥാനത്തിന്റെ ഉപോല്പന്നം ആണ്.

വിവരസാങ്കേതികത (Information Technology -IT) വല്ലാതെ മുന്നോട്ടുപോകുകയും മനുഷ്യന്റെ സമസ്തമേഖലകളിലും മുദ്ര പതിപ്പിക്കുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ ഭാഷയും അതിൽ നിന്ന് രക്ഷപ്പെട്ട് നിൽക്കുന്നില്ല. IT രംഗത്തുണ്ടാകുന്ന ചലനങ്ങൾ ഭാഷയെ എങ്ങനെ സ്വാധീനിക്കുമെന്നും ഭാഷയുടെ നിലനില്പിനെ എങ്ങനെ നിർണ്ണയിക്കും എന്നും, തിരിച്ച് ഭാഷയുടെ ശരിയായ പ്രയോഗം IT യുടെ പുരോഗതിക്ക് എങ്ങനെയൊക്കെ നിർണ്ണായകമാണ് എന്നും മറ്റുമുള്ള കാര്യങ്ങളെക്കുറിച്ച് ആലോചിക്കുവാനുള്ള വേദി എന്ന നിലക്കാണ് 'രചന അക്ഷരവേദി' അഞ്ചുവർഷങ്ങൾക്കുമുമ്പ് രൂപം കൊള്ളുന്നത്.

രചന രൂപം കൊള്ളുന്നതിന് ചരിത്രപരമായ ചിലകാരണങ്ങൾ കൂടിയുണ്ട്. അത് വിശദീകരിക്കുന്നതിനുമുമ്പ് മറ്റുചിലകാര്യങ്ങൾ പറയേണ്ടതുണ്ട്.

## ഭാഷയും കമ്പ്യൂട്ടറും

IT യും ഭാഷയും തമ്മിലുള്ള ബന്ധം വളരെ പ്രത്യക്ഷത്തിൽപോലും മനസ്സിലാക്കാത്ത ഒരു ജനതയാണ് മലയാളി. ഇന്ത്യയിലെ ഇതരദേശക്കാരോ യൂറോപ്യരോ ഇക്കാര്യത്തിൽ നമ്മേക്കാൾ എത്രയോ ഭിന്നരാണ്. എല്ലാക്കാര്യത്തിലും നാം ഇംഗ്ലീഷിനെ, ഇംഗ്ലീഷുകാരെ അനുകരിക്കാൻ ശ്രമിക്കുന്നു. മലയാളം ലിംഗ്വിസ്റ്റിക്സിന്റെ ഇന്നത്തെ പഠനരീതി ഇംഗ്ലീഷ് ലിംഗ്വിസ്റ്റിക്സിന്റെ രീതി ശാസ്ത്രത്തിൽ നിന്ന് അത്ര ഭിന്നമല്ല.

മലയാള വ്യാകരണം തനതുരീതിയിൽ അറിഞ്ഞ മലയാളം എക്സ്പെർട്ടുകൾ ഇന്ന് തുലോം കുറവാണ്. എല്ലാം ഇംഗ്ലീഷ് വ്യാകരണത്തിന്റെ/ഫൊണറ്റിക്സിന്റെ കണ്ണാടിയിലൂടെ നോക്കിക്കാണുകയാണ് ഇപ്പോഴത്തെ പതിവ്. എന്നാൽ ഭാഷയും കമ്പ്യൂട്ടറും തമ്മിൽ നിലനിൽക്കേണ്ട ജീവൽബന്ധത്തെക്കുറിച്ച് ഇംഗ്ലീഷുകാർ വെച്ചുപുലർത്തുന്ന ധാരണകളും പ്രവർത്തനങ്ങളും നാം മലയാളികൾ അനുകരിക്കാനും പഠിക്കാനും ശ്രമിച്ചില്ല എന്നത് നമ്മുടെ വിപര്യയമായി മാറുന്നു. കമ്പ്യൂട്ടർ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും അവർ ഒരു വിഷയം എന്ന നിലയിൽ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന വിജ്ഞാനശാഖയുടെ നൂറിലൊന്നുപോലും പ്രാവർത്തികമാക്കാൻ കഴിയാത്ത അവസ്ഥ ഇന്ന് കേരളത്തിലുണ്ട്. കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് സംഖ്യാപരമായ ഗണനകളിൽ ഒതുങ്ങുകയും അക്കൗണ്ടൻസി ട്രാൻസാക്ഷൻസിനു വേണ്ടിയുള്ള പ്രോഗ്രാമുകൾ മാത്രമായിത്തീരുകയും ചെയ്യുന്ന ദുരവസ്ഥയാണ് ഇവിടത്തേത്. വിവരസാങ്കേതികതയുടെ വിപുലമായ മേഖലകളെ അഡ്രസ്സുചെയ്യാൻ കമ്പ്യൂട്ടറിനും മലയാളികൾക്കും കഴിയാതെപോകുന്ന വർത്തമാന കാലാവസ്ഥയുടെ കാരണക്കാരിൽ ഭാഷാ അദ്ധ്യാപകരും ഉൾപ്പെടുന്നു.

മരിച്ചുകൊണ്ടിരിക്കുന്ന ഒരു ഭാഷയാണ് മലയാളം. ഭാഷയുടെ മരണത്തിനുകാരണം ടി.വി.യുടെ തള്ളിക്കയറ്റമോ ഇംഗ്ലീഷിന്റെ പ്രചാരണമോ അല്ല. നമ്മുടെ ജനതയുടെ മാതൃഭാഷയോട് ഉണ്ടെന്നു പറയുന്ന വിപ്രതിപത്തിയുമല്ല കാരണം. ജനങ്ങളെ കുറ്റക്കാരാക്കികൊണ്ടുള്ള പണ്ഡിതരുടെ/ബുദ്ധിജീവികളുടെ ഒരു വിധിപറച്ചിലാണത്.

കേരളക്കരയിൽ IT യുടെ പ്രയോഗരംഗത്ത് മലയാളഭാഷ എന്തുകൊണ്ട് ഒരു പ്രധാന ചിന്താവിഷയമാകണം? ഇതു വിശദീകരിക്കാനായി ഒന്നുരണ്ടു സംഗതികൾ പറയാം.

## ഗ്രന്ഥസൂചിക

മലയാളത്തിലെ ആദ്യത്തെ പുസ്തകം 'സംക്ഷേപവേദാർത്ഥം' അച്ചടിക്കുന്നത് 1772-ലാണ്. റോമിലാണത് അച്ചടിച്ചത്. അതിനുശേഷം അരനൂറ്റാണ്ടുകഴിഞ്ഞാണ് കോട്ടയത്ത് 1824-ൽ സി.എം.എസ്. പ്രസ് സ്ഥാപിക്കുന്നതും നമ്മുടെ പുസ്തകപ്രസാധനം വേണ്ടുംവണ്ണം തുടങ്ങുകയും ചെയ്യുന്നത്. അന്നാണ് മലയാള ഭാഷയ്ക്ക് ആദ്യമായി Movable Type കൾ ഉപയോഗിച്ചുതുടങ്ങിയത്. അതിനുശേഷമാണ് കേരളത്തിൽ അച്ചടിവിദ്യ പ്രചരിക്കുകയും മലയാളക്കരയിൽ പുസ്തകങ്ങൾ പ്രചരിക്കുകയും ബഹുഭൂരിപക്ഷം വരുന്ന മലയാളികൾ സ്വന്തം അക്ഷരങ്ങൾ വായിക്കുകയും പഠിക്കുകയും ചെയ്തത്. ഇപ്പോൾ ഈ 2005 വരെ ഏകദേശം 60,000 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1950-കളിലാണ് ലോകത്തിലെ തന്നെ വലിയ ഗ്രന്ഥശാലാ പ്രസ്ഥാനം കേരളത്തിൽ തുടങ്ങുന്നത്. 500 കി.മീ. നീളം വരുന്ന കേരളത്തിൽ ഇതുവരെയായി ഗ്രന്ഥശാലാസംഘത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട 5000 ലൈബ്രറികളുണ്ട്. എന്നുപറഞ്ഞാൽ 1 കി.മീറ്ററിൽ 10 ലൈബ്രറി എന്നാണർത്ഥം. ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന പത്തുശതമാനം ഗ്രാമീണവായനശാലകൾ ഉണ്ടെന്നു വിചാരിച്ചാൽ പോലും കി.മീറ്ററിൽ ഒരെണ്ണം വെച്ചുണ്ട്. ലൈബ്രറികളുടെ അതല്ലെങ്കിൽ വിജ്ഞാന ശേഖരണങ്ങളുടെ ഇത്തരത്തിലുള്ള സാന്ദ്രത ഇംഗ്ലണ്ടിലോ

യൂറോപ്പിലെ മറ്റു രാജ്യങ്ങളിലോ അമേരിക്കയിലോ ഇല്ല. അങ്ങനെയുള്ള ഒരു രാജ്യമാണ് നമ്മുടേത്.
കഴിഞ്ഞ പതിനഞ്ച് വർഷങ്ങളായി കേരളത്തിലെ ലൈബ്രറികളിൽ പതുക്കെ കമ്പ്യൂട്ടറുകൾ വരികയും സവിശേഷമായ ചില പ്രശ്നങ്ങൾ അഭിമുഖീകരിക്കുകയും ചെയ്തു. അതെനിക്ക കൃത്യമായി പറയാൻ കഴിയും. കാരണം ഞാൻ ഒരു പ്രൊഫഷണൽ ലൈബ്രേറിയൻ ആണ്. പ്രശ്നമിതാണ്. കഴിഞ്ഞ പത്തൻപത് വർഷങ്ങളായി കേരളത്തിൽ ഉടലെടുക്കുകയും വ്യാപിക്കുകയും ചെയ്ത ലൈബ്രറികളിൽ ഗ്രന്ഥത്തിന്റെ സൂചിക/കാറ്റലോഗ് തയ്യാറാക്കിയിരുന്നത് ഇംഗ്ലീഷ് പുസ്തകങ്ങൾക്ക് ഇംഗ്ലീഷിലും മലയാള പുസ്തകങ്ങൾക്ക് മലയാളത്തിലും ആയിരുന്നു. പത്ത് വർഷം മുമ്പുവരെ ഒരു ഗ്രന്ഥകർത്താവിന്റെ പേരിലോ, വിഷയം അനുസരിച്ചോ, അതല്ലെങ്കിൽ അതിന്റെ ശീർഷകം (Title) വച്ചോ നമുക്കൊരു മലയാളം പുസ്തകം മലയാളത്തിൽ തിരയാനും ലൈബ്രറിയിൽ അതിരിക്കുന്ന അലമാര കണ്ടെത്താനും കഴിയുമായിരുന്നു. 1990കളോടെ കേരളത്തിലെ ലൈബ്രറികളിൽ, പ്രത്യേകിച്ച് യൂണിവേഴ്സിറ്റി, റിസർച്ച് അക്കാദമിക് ലൈബ്രറികളിൽ കമ്പ്യൂട്ടറുകൾ കടന്നുവരികയും ലൈബ്രറി ഓട്ടോമേഷൻ ഒരു ഹരമായിത്തീരുകയും ചെയ്തു. കോളേജ്/യൂണിവേഴ്സിറ്റി ലൈബ്രറികൾ യു.ജി.സി. വന്നതിനുശേഷം കമ്പ്യൂട്ടറൈസ് ചെയ്യുകതന്നെ വേണം. ലൈബ്രറികളെല്ലാം ഇൻഫർമേഷൻ സെന്ററുകൾ ആയി മാറുന്ന ഒരു കാഴ്ച നാം കാണുന്നു. ലൈബ്രറി ഓട്ടോമാറ്റ് ചെയ്യുന്നതിന് ലോകപ്രശസ്തങ്ങളായ പല പാക്കേജുകളും ഈ കൊച്ചുകേരളത്തിൽ പ്രചരിച്ചു. കേരളത്തിൽ തന്നെ ഉണ്ടാക്കിയ പാക്കേജുകളുമുണ്ട്. കഴിഞ്ഞ 4 വർഷങ്ങൾക്കുള്ളിൽ യുജിസിയുടെ നേതൃത്വത്തിൽ പ്രോഗ്രാം ചെയ്യപ്പെട്ട സോൾ (Soul) എന്നു പറയുന്ന പ്രഗത്ഭമായ ഒരു പാക്കേജ് പ്രചരിക്കുന്നുണ്ട്. അതിനുമുൻപ് UNESCO യുടെ നേതൃത്വത്തിൽ ഇന്ത്യയിൽ ഏകദേശം പതിനായിരത്തോളം ലൈബ്രറികളിൽ CDS\ISIS എന്നു പേരുള്ള പ്രസിദ്ധമായ ഒരു ഡോക്യുമെന്റേഷൻ പാക്കേജ് പ്രചാരത്തിലായി. ഈ പ്രോഗ്രാം ഉപയോഗിച്ച് കേരളത്തിലെ ലൈബ്രറികൾ കമ്പ്യൂട്ടറൈസ് ചെയ്യാനുള്ള ശ്രമങ്ങളും ഉണ്ടായി. കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനു മുമ്പുള്ള കേരളത്തിലെ ലൈബ്രറികളിൽ കൈകൊണ്ട് എഴുതിയ കാർഡ് കാറ്റലോഗ് ഉപയോഗിച്ച് ഒരു മലയാളപുസ്തകം അതിന്റെ ശീർഷകമനുസരിച്ചോ, സബ്ജക്ടനുസരിച്ചോ, അല്ലെങ്കിൽ ഗ്രന്ഥകർത്താവിന്റെ പേരിലോ നമുക്കു കണ്ടുപിടിക്കാമായിരുന്നു. ലൈബ്രറികളിൽ കമ്പ്യൂട്ടർ വന്നുകഴിഞ്ഞ ശേഷം ഇതു സാധ്യമല്ലാതായി. ഇതിനു കാരണം കൈ ഉപയോഗിച്ച് ഇൻഡക്സ് കാർഡുകളിൽ എഴുതി മലയാളത്തിന്റെ പുസ്തകങ്ങൾക്ക് കാറ്റലോഗുകൾ ഉണ്ടാക്കിയിരുന്നത് മലയാള ഭാഷയിലായിരുന്നു.
കമ്പ്യൂട്ടറിൽ കാറ്റലോഗ് ഉണ്ടാക്കുമ്പോൾ മലയാളത്തിന്റെ ലിപി/സ്ക്രിപ്റ്റ് ഉപയോഗിച്ച് കാറ്റലോഗ് ഉണ്ടാക്കാൻ കഴിഞ്ഞില്ല എന്നുള്ള ഒറ്റ കാരണം കൊണ്ടുതന്നെ മലയാളത്തിൽ ഒരു ഗ്രന്ഥ വിവരാന്വേഷണവ്യവസ്ഥ (Bibliographic Information System) ഉണ്ടാക്കുന്നതിൽ നാം പൂർണ്ണമായും പരാജയപ്പെട്ടു. ഇന്നുവരെ ലൈബ്രറി ഓട്ടോമേഷന്റെ ഈ പ്രശ്നം IT യ്ക്ക് പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല കേരളത്തിൽ.

നാട്ടറിവുകൾ

ഞാൻ ജോലി ചെയ്യുന്ന വനഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഒരു പ്രൊജക്ട് കഴിഞ്ഞ വർഷം ഉണ്ടായിരുന്നു. അത് കേരളത്തിന്റെ വനത്തോടും മരങ്ങളോടും ബന്ധപ്പെട്ട ഒന്നായിരുന്നു. അതിൽ ഇരുപത്തഞ്ചോളം ഗവേഷണ വിദ്യാർത്ഥികൾ പങ്കെടുക്കുകയും കേരളത്തിന്റെ ഓരോ ഗ്രാമങ്ങളിലും (തീരപ്രദേശങ്ങളിലും മലനാടുകളിലും ഇടനാടുകളിലും എല്ലാം) സംഘം സംഘങ്ങളായി അവർ പോകുകയും ചെയ്തു. ഒരു വർഷത്തോളം നീണ്ടുനിന്ന പ്രൊജക്ടിനുവേണ്ടി അവർ പലവിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. നാട്ടറിവുകൾ പ്രധാനപ്പെട്ട ഒന്നാണെന്നും നാട്ടറിവുകൾ ശേഖരിച്ചുവെക്കേണ്ട ആവശ്യമുണ്ടെന്നും അതിനുമൂല്യം (Value) മാത്രമല്ല വിലയും (Price) ഉണ്ടെന്നുമുള്ള തിരിച്ചറിവാണ് ഇത്തരം പ്രൊജക്റ്റുകൾ ഉണ്ടാകാൻ കാരണം. നമ്മുടെ നാട്ടറിവുകൾ ശേഖരിച്ചുവച്ചില്ലെങ്കിൽ ജർമ്മൻകാരനോ അമേരിക്കക്കാരനോ നാളെ അവരുടേതായ രീതിയിൽ ഏതെങ്കിലും ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിച്ച് അവരുടേതാക്കി പേറ്റന്റ് ചെയ്യാൻ സാധ്യതയുണ്ട്. പ്രത്യേകിച്ചും പുതിയ പേറ്റന്റ് നിയമം വരുന്ന സമയത്ത് പ്രൊഡക്റ്റ് പേറ്റന്റിന് വലിയ പ്രാധാന്യം ഉണ്ട്. അത്തരത്തിൽ ആയിരക്കണക്കിനോ പതിനായിരക്കണക്കിനോ നാട്ടറിവുകളെ ഈ കുട്ടികൾ നാടുതോറും നടന്ന് ശേഖരിച്ചു. അങ്ങിനെ ശേഖരിച്ച പതിനായിരം എണ്ണത്തിൽ ഒന്നുരണ്ടെണ്ണം ഞാൻ വായിക്കാം. (1) വേലിക്ക് ആവണക്ക്, ശീമക്കൊന്ന, പേരാലിന്റെ കൊമ്പ് എന്നിവ ഉപയോഗിക്കാറുണ്ട്. (2) കരപ്പുറത്ത് ചാമ, മുതിര, വെള്ളത്തരി, നവര മുതലായവ വിതക്കാറുണ്ടായിരുന്നു. (3) ചക്കപ്പഴം അരിഞ്ഞ് ഉരുളിയിലിട്ട് വരട്ടി എടുക്കും.
നാട്ടറിവുകളുടെ ഇത്തരത്തിലുള്ള വലിയൊരു ശേഖരം ഔദ്യോഗിക ഏജൻസി എന്ന നിലയ്ക്ക് കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിനു കീഴിൽ ഈ പ്രൊജക്റ്റിന്റെ ഫലമായി കെ.എഫ്.ആർ.ഐ. യിൽ ഇങ്ങിനെ ശേഖരിക്കപ്പെട്ടു. ഇത്തരത്തിലുള്ള പതിനായിരത്തോളം നാട്ടറിവുകളിൽ അഞ്ഞൂറെണ്ണത്തിനെങ്കിലും പേറ്റന്റ് എടുക്കാവുന്ന നാട്ടറിവുകളുടെ ശേഖരം പച്ചമലയാളത്തിലാണ്. കരയുടെ തറി, കരപ്പുറം എന്നതിനൊക്കെ എന്താണ് ഇംഗ്ലീഷെന്ന് എനിക്കറിയില്ല. അഥവാ ഇംഗ്ലീഷ് ഉണ്ടാക്കിയാൽത്തന്നെ അതെത്രമാത്രം അരോചകവും കൃത്രിമവുമാവും! ഈ അറിവുകൾ മുഴുവൻ നമ്മുടെ ഭാഷയോടും നമ്മുടെ പദങ്ങളോടും (അതിൽ പലതും ദ്രാവിഡപദങ്ങളുമാണ്) അഭേദ്യമായി

ബന്ധപ്പെട്ടുകിടക്കുന്നു. പ്രൊജക്റ്റിന്റെ ഡാറ്റാ ശേഖരണം കഴിഞ്ഞപ്പോൾ സാങ്കേതികമായി വലിയൊരു പ്രശ്നം ഉണ്ടായി. കേരളത്തിലാണെങ്കിലും കേരള വനഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രൊജക്റ്റ് റിപ്പോർട്ടുകൾ മലയാളത്തിലല്ല, ഇംഗ്ലീഷിലാണ് ഉണ്ടാക്കാറ്. തിരഞ്ഞെടുത്ത പ്രധാനപ്പെട്ട ആയിരത്തഞ്ഞൂറോളം നാട്ടറിവുകൾ തരംതിരിക്കേണ്ട ഘട്ടം എത്തി. ഇംഗ്ലീഷിലായിരുന്നു എങ്കിൽ നമുക്ക് കമ്പ്യൂട്ടർ ഉപയോഗിച്ച് എളുപ്പത്തിൽ തരംതിരിക്കാമായിരുന്നു. സ്റ്റോർ ചെയ്യാനും Categorise ചെയ്യാനും Sort ചെയ്യാനും അതിൽ നിന്ന് നമുക്ക് Duplicate കൾ ഒഴിവാക്കാനും ഇംഗ്ലീഷിലായിരുന്നെങ്കിൽ വിദഗ്ദ്ധമായി കഴിയുമായിരുന്നു. നാട്ടറിവുകളുടെ ഡാറ്റ മലയാളത്തിലായിരുന്നു എന്ന ഒറ്റക്കാരണംകൊണ്ട് ഇതൊന്നും സാധിക്കാതെ വന്നു. ഒരു മാസംകൊണ്ട് ചെയ്തുതീർക്കേണ്ട ജോലിയാണിത്. ആ പ്രൊജക്റ്റ് കഴിഞ്ഞ് മാസങ്ങളായി. ഇപ്പോഴും ചെയ്ത് തീർക്കാൻ കഴിഞ്ഞിട്ടില്ല.

നമ്മുടെ നാട്ടിൽ കമ്പ്യൂട്ടറുണ്ട്. IT യെക്കുറിച്ച് പഠിക്കുന്ന ധാരാളം സ്ഥാപനങ്ങളുണ്ട്. പതിനായിരക്കണക്കിന് വിദ്യാർത്ഥികളുണ്ട്. നമ്മുടെ ഭാഷയിൽ മാത്രം സാധ്യമാകുന്ന ഒരു Information System, ഒരു വിവരവ്യവസ്ഥ ഉണ്ടാക്കുന്നതിനുള്ള ടെക്നോളജി നമുക്കില്ല എന്നാണിത് സൂചിപ്പിക്കുന്നത്. അങ്ങനെ നമ്മുടെ നാട്ടറിവുകളുടെ വലിയൊരു ശേഖരം കമ്പ്യൂട്ടറിനന്യമായി, അസംസ്കൃതമായി ഇപ്പോഴും കടലാസുകളിൽ കിടക്കുന്നു. ആകപ്പാടെ ചെയ്യാനുള്ള ഒരു കാര്യം നമുക്കിത് മലയാളത്തിൽ വേഡ് പ്രോസസ്സിംങ്ങ് ചെയ്ത് പുസ്തകമായി സൂക്ഷിക്കാമെന്നതാണ്. ഏതെങ്കിലുമൊരു പ്രത്യേക പദം ഉപയോഗിച്ച് (ഉദാ:- ശീമക്കൊന്ന) ഏതെല്ലാം നാട്ടറിവുകൾ ഏതെല്ലാം രൂപത്തിൽ ഏതെല്ലാം ഉപയോഗത്തിൽ വരുന്നുവെന്ന് കണ്ടുപിടിക്കാനുള്ള ഒരു വിവരവ്യവസ്ഥ നമുക്കുണ്ടെങ്കിൽ പുതിയ ടെക്നോളജി ഉപയോഗിച്ച് നമ്മുടെ നാട്ടറിവുകളുടെ ശേഖരം പണ്ടത്തെക്കാൾ ഭേദപ്പെട്ട രീതിയിൽ സൂക്ഷിച്ചുവെക്കാനും മെച്ചമായി ഉപയോഗിക്കാനും കഴിയുമായിരുന്നു. എന്നാൽ പണ്ടൊക്കെ വിവരങ്ങൾ, അറിവുകൾ ഉപയോഗിക്കാൻ കഴിഞ്ഞതിന്നപ്പുറത്തേക്ക് നമ്മുടെ വിവരസാങ്കേതികത (IT) വളർന്നിട്ടില്ല.

ലിപ്യന്തരണം

ഇംഗ്ലീഷ് ഭാഷ കമ്പ്യൂട്ടറിന്റെ സ്വാഭാവിക ഭാഷയാണ് (Natural language). ഒന്നുരണ്ട് വർഷങ്ങൾക്കുമുൻപ് കേരളത്തിൽ പ്രസിദ്ധീകരിച്ച ചരിത്രപുസ്തകങ്ങളിൽ വളരെ പ്രധാനപ്പെട്ട ചെറിയൊരു പുസ്തകം കാണാം. അതിന്റെ പേര് State and Society in Pre-modern South India എന്നാണ്. 2002-ൽ പബ്ലിഷ് ചെയ്ത പുസ്തകം. ഈ പുസ്തകം തൃശ്ശൂർ ഗവ. കോളേജിൽ ആ വിഷയത്തിൽ നടന്ന സെമിനാറിൽ അവതരിപ്പിച്ച പ്രബന്ധങ്ങളുടെ സമാഹാരമാണ്. പുസ്തകം പ്രസിദ്ധീകരിക്കാൻ ആദ്യം തീരുമാനിച്ചിരുന്നത് പ്രസിദ്ധ പ്രസാധകരായ ഓറിയന്റ് ലോങ്ങ്മാൻ ആയിരുന്നു. തൃശ്ശൂരിൽ തന്നെയുള്ള കോസ്മോ പിന്നീട് അത് പ്രസിദ്ധീകരിക്കുന്ന ദൗത്യം ഏറ്റെടുത്തു. അതിൽ പത്തോ പതിനഞ്ചോ ലേഖനങ്ങൾ വരും. അതിന്റെ എഡിറ്റർ ഡോ.ചമ്പകലക്ഷ്മി ആയിരുന്നു. ഇത് ടൈപ്സെറ്റ് (DTP) ചെയ്യാൻ വന്ന അവസരത്തിൽ വലിയൊരു പ്രശ്നം അഭിമുഖീകരിച്ചു. ലേഖനങ്ങളിലെ ഭാരതീയ പദങ്ങൾ കൃത്യമായി ഇംഗ്ലീഷിൽ ദ്യോതിപ്പിയ്ക്കുന്ന DTP പ്രോഗ്രാം നമ്മുടെ ഒരു കമ്പ്യൂട്ടറിലും ഇല്ല. പുസ്തകം ടൈപ്സെറ്റ് ചെയ്യാൻ കഴിയാത്തൊരവസ്ഥയിലേക്ക് നീങ്ങുമ്പോൾ അവർ രചനയെ സമീപിക്കുകയും രചന മലയാളഭാഷയിൽ ചെയ്തിട്ടുള്ള ചില സാങ്കേതികതകൾ ഉപയോഗിച്ച് അവർക്കതിന് ആവശ്യമായത് ഉണ്ടാക്കിക്കൊടുക്കുകയും ചെയ്തു. അതിന് ശേഷമാണ് ഇംഗ്ലീഷിൽ പുസ്തകം പ്രസിദ്ധീകരിക്കാൻ കഴിഞ്ഞത്.

പ്രശ്നം ഇതായിരുന്നു. ആര്യ ദ്രാവിഡപദങ്ങൾ ഇംഗ്ലീഷിൽ എഴുതുമ്പോൾ തർജ്ജമക്കു പകരം ലിപ്യന്തരണം ആണ് ഉപയോഗിക്കാറ്. Translation ന പകരം Transliteration. 'ആത്മ' എന്നെഴുതണമെങ്കിൽ 'atma' യിൽ a യുടെ മുകളിൽ ഒരു വരയിടണം. റ, റ്റ, ള എന്നിവ എങ്ങിനെയെഴുതും? കള, കല എന്നിവ വ്യത്യാസപ്പെടുത്തി എങ്ങിനെ ഇംഗ്ലീഷിലെഴുതും? 'ള' എന്നു സൂചിപ്പിക്കാൻ 'l' ന്റെ അടിയിൽ ഒരു കുത്ത് ഇടണം. ഇതിനെയാണ് Diacritical Marks എന്നുപറയുന്നത്. ഇന്ത്യൻ പദങ്ങൾ യൂറോപ്യൻ ഭാഷയിലേക്ക് ലിപ്യന്തരണം ചെയ്യാൻ ഒരു പ്രത്യേക സ്കീം 18-ാം നൂറ്റാണ്ടിൽ തന്നെ ജോൺ ഹണ്ടർ എന്ന സായിപ്പുണ്ടാക്കിയിരുന്നു. ഹണ്ടേറിയൻ സ്കീം എന്നാണത് അറിയപ്പെടുന്നത്. ഇംഗ്ലീഷ് ലിപി ഉപയോഗിച്ച് 'അ' എങ്ങിനെ എഴുതണം, 'ആ' എന്ന ദീർഘം എങ്ങനെ എഴുതണം എന്നൊക്കെ വിശദീകരിക്കുന്ന ഒരു സ്കീം. വെറും 's' 'സ' യാകുമ്പോൾ, 's' ന്റെ അടിയിൽ ഒരു കുത്തിട്ടാൽ 'ഷ' യാകും. അത്തരത്തിലാണ് ആ സ്കീം. നേരത്തെ സൂചിപ്പിച്ച ചരിത്രപുസ്തകത്തിൽ ഓരോ പേജിലും അഞ്ചോ പത്തോ പദങ്ങൾ ഇത്തരത്തിലുണ്ടായിരുന്നു. ഇത് കമ്പ്യൂട്ടറിൽ ടൈപ്പ് ചെയ്ത് ഉണ്ടാക്കാനുള്ള ഒരു പ്രോഗ്രാം ഇല്ലാതെ പോയി. ഇതിന്റെ ഒരു തമാശ, ഈ കേരളത്തിൽ തന്നെ ദ്രാവിഡീയൻ എൻസൈക്ലോപീഡിയ എന്ന ഒരു ബൃഹത്ഗ്രന്ഥം 1990ൽ DTP ചെയ്തപ്പോൾ ഇതിനേക്കാൾ കൂടുതൽ പദങ്ങൾ Diacritical mark ഉപയോഗിച്ച് ടൈപ്സെറ്റ് ചെയ്തിരുന്നു. 90കളുടെ ആരംഭത്തിൽ കമ്പ്യൂട്ടറുകൾ സർവ്വസാധാരണമല്ല എന്നോർക്കണം. അക്കാലത്ത് നമ്മുടെ ഡെസ്ക്ടോപ്പുകളിൽ കമ്പ്യൂട്ടറുകൾ വന്നുതുടങ്ങിയിട്ടേയുള്ളൂ. അന്നു ഇംഗ്ലീഷിൽ സാധിച്ചെടുത്ത ഒരു കാര്യം 12 വർഷങ്ങൾക്കുശേഷം വേഡ് പ്രോസസ്സിങ്ങും DTP യും പ്രചുരപ്രചാരത്തിലായ

ഇക്കാലത്ത് ഒരു കീറാമുട്ടിയായി എന്നത് നമ്മുടെ IT ആപ്ലിക്കേഷനുകളുടെ ശോച്യാവസ്ഥ വെളിവാക്കുന്നു.

IT യും ഭാഷയും

ഇത്തരം ചില യാഥാർത്ഥ്യങ്ങൾ നോക്കുമ്പോൾ ഇതൊക്കെ കേരളത്തിൽ സംഭവിക്കാനുള്ള പ്രധാനകാരണം IT യ്ക്കും ഭാഷയ്ക്കും തമ്മിലുള്ള ആവശ്യം വേണ്ടുന്ന ബന്ധങ്ങൾ വേണ്ടത്ര മനസ്സിലാക്കപ്പെടാതെ പോയി എന്നതുതന്നെയാണ്. മനസ്സിലാക്കിയവർ തന്നെ ഈ രണ്ട് മേഖലകളേയും കൂട്ടി യോജിപ്പിക്കുമ്പോൾ തെറ്റായ ദിശയിൽ പോയി. അതുകൊണ്ട് രചനയെക്കുറിച്ചുള്ള ഈ ക്ലാസിന്റെ പ്രധാന വിഷയം എങ്ങിനെയാണ് IT യും ഭാഷയും തമ്മിൽ ബന്ധപ്പെടുന്നതെന്ന അന്വേഷണമാണ്. കേരളത്തിൽ ഇത് പ്രത്യേകം എടുത്തുപറയേണ്ട ഒരാവശ്യം വന്നിരിക്കുന്നു. തൊട്ടടുത്ത നാട്ടിൽ, തമിഴ്നാട്ടിൽ ചെന്നാൽ ഇതു പറയുന്നതേ അസംബന്ധമാണ്. അവിടെ നമ്മളിപ്പോൾ സമർത്ഥിക്കാൻ പോകുന്ന ബന്ധം അത്രയ്ക്കു സ്വാഭാവികമാണ്.
ഭാഷയെ ഒഴിവാക്കിക്കൊണ്ട് ഒരു ടെക്നോളജിയും ഇല്ല. തീവണ്ടിയുടെ ടെക്നോളജി പോലും ഉണ്ടാകുന്നില്ല, നിലനില്ക്കുന്നില്ല. നമുക്ക് ഈ കേരളത്തിൽ IT യും ഭാഷയും തമ്മിലുള്ള ബന്ധം പുനർനിർണയിക്കുകയല്ല വേണ്ടത്. ആദ്യം മുതലേ നിർണയിക്കേണ്ടി വരികയാണ്. ആ ഗതികേടിലാണ് നാമിപ്പോൾ. അതുകൊണ്ട് ഈ ക്ലാസിന്റെ ആദ്യത്തെ ഭാഗം എങ്ങിനെയാണ് IT യും ഭാഷയും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നത് എന്ന് വിശദീകരിക്കുകയാണ്.
ഇംഗ്ലീഷിൽ പറയും - 'Without Language there is no Information Technology'. വളരെ ലളിതമായ ഒരു കാര്യമാണിത്. ഭാഷയില്ലാതെ IT ഇല്ല. അങ്ങനെ ഒരു പ്രസ്താവന ചെയ്യുമ്പോൾ ഭാഷയ്ക്കുതാഴെയാണ് IT, ഭാഷ IT യുടെ മുകളിൽ നില്ക്കുന്നു എന്നൊന്നുമല്ല ഭാഷ്യം. ഭാഷയ്ക്ക് വാസ്തവത്തിൽ ഇത്തരത്തിൽ ഒരു സൂപ്പീരിയോരിറ്റി - ഇൻഫീരിയോരിറ്റി പ്രശ്നങ്ങളില്ല. ഭാഷയാണ് മനുഷ്യന്റെ ഏറ്റവും വലിയ ഇൻവെൻഷൻ. അതുകഴിഞ്ഞേ ബാക്കിയുള്ളതൊക്കെയുള്ളൂ. ഭാഷയുടെ കണ്ടുപിടുത്തത്തോടെയാണ് മനുഷ്യൻ ആശയങ്ങളെ വ്യവസ്ഥാപിതമായി ക്രോഡീകരിക്കാൻ തുടങ്ങിയത്. ലിപിയുടെ കണ്ടുപിടുത്തത്തോടെയാണ് ഈ ശേഖരണം വിപ്ലവകരമായി പരിവർത്തനപ്പെട്ടത്. ഒരു തലമുറയിലെ അറിവുകൾ സഞ്ചയിക്കുകയും രേഖപ്പെടുത്തുകയും മറ്റൊരു തലമുറയിലേക്ക് എഴുത്തിലൂടെ, ലിപിയിലൂടെ പകർന്നു നല്കുകയും ചെയ്യുന്നതിലൂടെ നാഗരികതയുടെ, സംസ്കൃതികളുടെ ആവിർഭാവങ്ങളായി. എല്ലാ ആശയങ്ങളും ഭാഷയിലൂടെയാണ് പിറവിയെടുക്കുന്നത് - മനുഷ്യൻ സൃഷ്ടിക്കുകയും പിന്നീട് മനുഷ്യന്റെമേൽ ആധിപത്യം സൃഷ്ടിച്ചെടുക്കുകയും മനുഷ്യനെ തന്നെ നിയന്ത്രിക്കുകയും ചെയ്യുന്ന ദൈവം പോലുള്ള ആശയമടക്കം. ഭാഷയാണ് ഏത് ടെക്നോളജിയുടേയും ശാസ്ത്രീയ സിദ്ധാന്തങ്ങളുടേയും അടിസ്ഥാനങ്ങൾ നിർദ്ധാരണം ചെയ്യാനുള്ള ആശയപരവും അടയാളപരവും ആയ മേഖല അഥവാ പരിസരം ഒരുക്കുന്നത്.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ്

IT എന്നു നാം പറയുമ്പോൾ Computer Technology യാണുദ്ദേശിക്കുന്നത്. എന്തുകൊണ്ടാണിത്? സാമാന്യമായി പറഞ്ഞാൽ Information = വിവരം. അറിവിന്റെ ഏറ്റവും ചെറിയ യൂണിറ്റാണ് ഡാറ്റ. അനേകം ഡാറ്റകൾ കൂടിച്ചേർന്ന് ഇൻഫർമേഷൻ ഉണ്ടാകുന്നു. അനേകം വിവരങ്ങളുടെ ഉദ്ഗ്രഥനത്തിലൂടെ അറിവുകൾ ഉണ്ടാകുന്നു. Computer Technology യെ ഇൻഫർമേഷൻ ടെക്നോളജി എന്ന് വിളിക്കാൻ വ്യക്തമായ ചില കാരണങ്ങളുണ്ട്. വിവരങ്ങളെ ക്രോഡീകരിക്കാനും ശേഖരിക്കാനും പുതിയ വിവരങ്ങൾ ഉൽപ്പാദിപ്പിക്കാനും കഴിയുന്ന യന്ത്രമാണ് കമ്പ്യൂട്ടർ എന്നുള്ളതുതന്നെയാണ് ഇതിനു കാരണം.
കമ്പ്യൂട്ടർ യുഗത്തിനുമുമ്പുള്ള യന്ത്രങ്ങൾ എല്ലാം മെക്കാനിക്കൽ/ഇലക്ട്രിക്കൽ ആയ യന്ത്രങ്ങളായിരുന്നു. കപ്പൽ, തീവണ്ടി, തുന്നൽ മെഷീൻ, റേഡിയോ മുതലായവ. കമ്പ്യൂട്ടർ യാന്ത്രികമായ, മെക്കാനിക്കലായ ഒരു യന്ത്രമല്ല. അത് യുക്തിപരമായ, ലോജിക്കലായ ഒരു യന്ത്രമാണ്.
മനുഷ്യന്റെ ബുദ്ധിയുടെ മേഖലകളെ, ചില പ്രവൃത്തികളെ ഒരു പക്ഷേ മനുഷ്യനോ, മനുഷ്യബുദ്ധിയ്ക്കോ കഴിയുന്നതിനേക്കാൾ മെച്ചപ്പെട്ട രീതിയിൽ ഏറ്റെടുക്കാനും പ്രോസസ്സ് ചെയ്യാനുമുള്ള കഴിവ് കമ്പ്യൂട്ടറിനുണ്ട്. എന്നുവെച്ച് അതു മനുഷ്യന്റെ ബുദ്ധിയെ കീഴടക്കുകയോ അല്ലെങ്കിൽ അതിനപ്പുറം നില്ക്കുകയോ ചെയ്യുന്നു എന്നു പറയുന്ന ഒരു ധാരണ ശരിയല്ല. 1980-കളിലാദ്യം കമ്പ്യൂട്ടർ മേശപ്പുറത്ത് എത്തിത്തുടങ്ങുമ്പോൾ അത്തരം ഒരു വിചാരം ഉണ്ടായിരുന്നു. ഈ യന്ത്രം മനുഷ്യന്റെ ബുദ്ധിയേക്കാൾ അതീതമായ ഒന്നായി മാറുമെന്നും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നാച്ചുറൽ ഇന്റലിജൻസിനെ കടത്തിവെട്ടുമെന്നും ഒരു വിചാരമുണ്ടായിരുന്നു. വളരെ അടിസ്ഥാനപരമായ വ്യത്യാസം മനുഷ്യന്റെ ഇന്റലിജൻസും കമ്പ്യൂട്ടറിന്റെ ഇന്റലിജൻസും തമ്മിലുണ്ട്. രണ്ടും ഇന്റലിജൻസ് തന്നെയാണ് ഒരർത്ഥത്തിൽ. ഇവതമ്മിലുള്ള വ്യത്യാസം കൃത്യമായി പറഞ്ഞത് ജിദ്ദു കൃഷ്ണമൂർത്തിയാണ്. അദ്ദേഹത്തിന്റെ അവസാന കാലത്ത് ഒരാൾ ചോദിച്ചു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മനുഷ്യന്റെ ഇന്റലിജൻസിനപ്പുറത്തേക്ക് പോകുമോ എന്ന്. ഇപ്പോഴത്തെ പോക്കു കാണുമ്പോൾ അങ്ങനെ ആയിത്തീരുമെന്ന് തോന്നുന്നു എന്ന് ചോദ്യകർത്താവ് കൂട്ടിച്ചേർത്തു.

മനുഷ്യനും മനുഷ്യോൽപ്പന്നങ്ങളും IT യും എല്ലാം വ്യക്തമായി വിലയിരുത്താൻ സഹായിക്കുന്ന ഉത്തരമാണ് ജിദ്ദു കൃഷ്ണമൂർത്തി നൽകിയത്. അതിങ്ങനെയാണ്: കമ്പ്യൂട്ടറിന്റെ Intelligence വളരെ logical ആണ്. യുക്തിപരമാണ്. Reasoning നെ അടിസ്ഥാനമാക്കിയാണ് അതിന്റെ logic രൂപം കൊള്ളുന്നത്. മനുഷ്യന്റെ ഭൂരിപക്ഷം ചിന്തകളും Illogical / അയുക്തികമാണ്. അതുകൊണ്ട് മനുഷ്യനേക്കാൾ വേഗത്തിൽ compute ചെയ്യാൻ, തെറ്റുകൂടാതെ ഗണനകൾ ചെയ്യാൻ കമ്പ്യൂട്ടറിനു കഴിയും. ഉദാഹരണത്തിനു നിലാവെളിച്ചത്തിന്റെ spectrom ത്തെക്കുറിച്ച്, luminosity യെക്കുറിച്ച് ഗണനകൾ നടത്താൻ മനുഷ്യനേക്കാൾ വേഗത്തിൽ നന്നായി കമ്പ്യൂട്ടറിനു കഴിയും. പക്ഷേ, കമ്പ്യൂട്ടറിന് ഒരിക്കലും നിലാവ് ആസ്വദിക്കാൻ കഴിയില്ല. അതു മനുഷ്യനേ കഴിയൂ. കാരണം മനുഷ്യന്റെ intelligence അയുക്തികവും, അബ്സേഡും ആയ ചില കല്പനകളിലാണ് കെട്ടിപ്പൊക്കിയിരിക്കുന്നത്. അതുകൊണ്ട് കമ്പ്യൂട്ടറിന് സ്വപ്നം കാണാൻ കഴിയില്ല. മനുഷ്യനു കഴിയും. ഈ രണ്ട് intelligence ഉം തമ്മിലുള്ള വ്യത്യാസമിതാണ്. മനുഷ്യന്റെ intelligence പോലുള്ള ഒന്ന് കമ്പ്യൂട്ടറിനുണ്ടാകുന്നു എന്ന് സങ്കല്പിക്കുക. നാം ആജ്ഞാപിക്കുന്ന ഏതു ജോലിയും ഏറ്റവും അനുസരണാശീലമുള്ള അടിമയെപ്പോലെ ചെയ്യുന്ന അവസ്ഥ വിട്ട് അത് അതിന്റേതായിട്ടുള്ള രീതീയിൽ ചിന്തിക്കുന്ന, പ്രതികരിക്കുന്ന ഒരവസ്ഥയെക്കുറിച്ച് സങ്കല്പിക്കുക. മനുഷ്യനെ പോലെ 'മൂഡ്' അനുസരിച്ച് ജോലി ചെയ്യുന്ന ഒരവസ്ഥ! അത്തരം വിചിത്രമായ ഒരവസ്ഥയിൽ നമ്മുടെ സാങ്കേതിക വിദ്യകൾ എത്തിപ്പെടാൻ നമുക്കാഗ്രഹമില്ല. അങ്ങനെ ആയിക്കഴിഞ്ഞാൽ ആ ടെക്നോളജിയെ നമ്മൾ ഉപേക്ഷിക്കുകയും ചെയ്യും. എന്തെങ്കിലും ഒരു ജോലി ചെയ്യാൻ പറഞ്ഞാൽ 'എനിക്കിപ്പം മൂഡില്ല' എന്നു പറയുന്ന ഒരു കമ്പ്യൂട്ടർ! ഇത്തരം അവസ്ഥകളും പറച്ചിലുകളും മനുഷ്യനു കഴിയും. ഇത്തരം സവിശേഷമായ മനുഷ്യ intelligence ലേക്ക് ഒരിക്കലും കമ്പ്യൂട്ടർ വികസിക്കില്ല. സ്വപ്നങ്ങളേയും അസംബന്ധങ്ങളേയും കേന്ദ്രീകരിച്ച് രൂപം കൊള്ളുന്ന അപൂർവ്വമായ കല്പനകളിൽ നിബന്ധിച്ചിട്ടുള്ള മനുഷ്യ ഇന്റലിജൻസു പോലെയുള്ള ഒന്ന് ഒരിക്കലും കമ്പ്യൂട്ടറിനുണ്ടാവുകയില്ല. കമ്പ്യൂട്ടറിന്റെ intelligenceആ വാക്ക് ഉദ്ദേശിക്കുന്നതുപോലെ തന്നെ, artificial ആവുകയേ ഉള്ളൂ. അതൊരിക്കലും natural intelligence ആവില്ല.
ഇത്തരത്തിലുള്ള ഒരു യന്ത്രമാണ് കമ്പ്യൂട്ടർ. ആ യന്ത്രം IT എന്ന ബൃഹത്തായ ഒരു ടെക്നോളജിക്ക് സ്വീകാര്യമാകുന്നത് വിവരങ്ങൾ/ഇൻഫർമേഷൻ പ്രോസസ്സ് ചെയ്യാൻ ഈ യന്ത്രത്തിനു കഴിയുന്നതുകൊണ്ടാണ്. അതു വളരെ ലോജിക്കൽ ആണ്. IT വിദ്യാർത്ഥികൾക്ക് പരിചിതമായ ബൂളിയൻ ലോജിക്ക് ഉപയോഗിച്ചാണ് അതിന്റെ ഹാർഡ് വെയറും സോഫ്റ്റ് വെയറുകളും രൂപപ്പെടുത്തിയിരിക്കുന്നത്.

## ഇൻഫർമേഷൻ ടെക്നോളജി

മനുഷ്യന്റെ ഇന്റലിജൻസിനോട് താരതമ്യമെടുത്തുമ്പോൾ ഒട്ടേറെ പരിമിതമായ ഒന്നാണ് കമ്പ്യൂട്ടറിന് ഉള്ളതെങ്കിലും യുക്തിപരമായ ഒരു യന്ത്രമാണ് അത് എന്നുള്ളതാണ് അതിനെ ഒരു വിവരയന്ത്രമാക്കിത്തീർക്കുന്നത്. അറിവുകളോ വിവേകമോ (knowledge and wisdom) ഉല്പാദിപ്പിക്കാൻ കമ്പ്യൂട്ടറിനു കഴിയില്ലെങ്കിലും അറിവുകളുടെ ഉല്പാദനത്തിന് ആവശ്യമായ കോടിക്കണക്കിന് ഡാറ്റകളുടെ, ഇൻഫർമേഷനുകളുടെ ശേഖരണത്തിലും ക്രോഡീകരണത്തിലും സംശ്ലേഷണങ്ങളിലും കാര്യക്ഷമമായി പങ്കെടുക്കാൻ ഈ യന്ത്രത്തിനു കഴിയും. ഇക്കാരണങ്ങളാലാണ് കമ്പ്യൂട്ടർ ടെക്നോളജി ഇൻഫർമേഷൻ ടെക്നോളജി (IT) ആയി വിവക്ഷിക്കപ്പെടുന്നത്.
ഏത് ഡാറ്റയും കമ്പ്യൂട്ടറിലേക്ക് ഫീഡ് ചെയ്യാനും പ്രോസസ്സ് ചെയ്യാനും ആവശ്യമായ ഒന്ന് ടെക്സ്റ്റ് (text) ആണ്. എന്ന് വെച്ചാൽ അക്ഷരങ്ങൾ. അക്ഷരങ്ങളെ അവഗണിച്ച് ഒരു ഇൻഫർമേഷൻ പ്രോസസ്സിംഗും കമ്പ്യൂട്ടറിന് സാധ്യമല്ല.
ഈ പ്രസ്താവനയ്ക്ക് വിരുദ്ധമായ ചില കാര്യങ്ങൾ ഉണ്ട്. ഉദാഹരണമായി മൾട്ടിമീഡിയ വളരെ പ്രചരിച്ചിരിക്കുന്ന ഈ കാലത്ത് നമുക്ക് ശബ്ദത്തിലൂടെ, വിഷ്വലുകളിലൂടെ പല ഡാറ്റകളും ഫീഡ് ചെയ്യാൻ കഴിയുന്നുണ്ടല്ലോ. ശരിയാണ്. പക്ഷേ അതൊക്കെ പ്രൈമറി ഡാറ്റകളാണ്. അതെന്താണ് എന്ന് പറഞ്ഞുവെയ്ക്കാൻ / നിർണ്ണയപ്പെടുത്താൻ വീണ്ടുമൊരു സെക്കന്ററി ഡാറ്റ (Secondary data) നമുക്ക് ആവശ്യമായി വരുന്നു. വാൻഗോഗിന്റെ ചിത്രം 'സൂര്യകാന്തി' കമ്പ്യൂട്ടറിൽ ഒരു ചിത്ര ഗാലറിയിലുണ്ട്. അത് വാൻഗോഗിന്റേതാണെന്നും ചിത്രം സൺഫ്ളവർ ആണെന്നും പറഞ്ഞുവെയ്ക്കാൻ V-a-n-g-o-g-h-s-u-n-f-l-o-w-e-r എന്നെഴുതിയേ പറ്റൂ. ഇത്തരത്തിലൊരു ഡാറ്റ എൻകോഡ് ചെയ്യാനും ഫീഡ് ചെയ്യാനും ടെക്സ്റ്റ് കൂടിയേ തീരൂ. ബിസിനസ്സ് ഡാറ്റ ആയാലും ഓഡിയോ ആയാലും അടുത്ത കാലങ്ങളിൽ വന്നതുപോലെ മണം (smell) തുടങ്ങിയ അനുഭവങ്ങളെ സ്വാംശീകരിക്കാൻ കഴിയാവുന്ന കമ്പ്യൂട്ടറായാലും ഇത്തരത്തിലുള്ള സെക്കന്ററി അല്ലെങ്കിൽ ററ്റർഷ്യറി ഡാറ്റയെ പ്രതിനിധീകരിക്കാൻ ടെക്സ്റ്റ് വേണം. ടെക്സ്റ്റിലൂടെ കുറേക്കൂടി സിസ്റ്റമാറ്റിക്ക് ആയ രീതിയിൽ, സ്ട്രക്ചേർഡ് (structured) ആയ രീതിയിൽ കമ്പ്യൂട്ടറിന് ഡാറ്റ കൈകാര്യം ചെയ്യാൻ കഴിഞ്ഞാൽ മാത്രമേ ഡാറ്റാബേസ് മാനേജ്മെന്റ് അല്ലെങ്കിൽ വിവരവ്യവസ്ഥാ നിർമ്മാണം നടക്കുകയുള്ളൂ. അൺ സ്ട്രക്ചേർഡ് ആയ രീതിയിൽ ഇപ്പോൾ HTML പോലുള്ള സമ്പ്രദായങ്ങൾ ഉണ്ടെങ്കിൽ പോലും XML ലേക്ക് വികസിക്കുമ്പോൾ Database Management ന്റെ രീതികൾ വന്നുചേരുന്നു. ഇതൊക്കെ സൂചിപ്പിക്കുന്നത് ഡാറ്റ Text ആയിരിക്കുകയും ആ ഡാറ്റയെ സ്ട്രക്ചേർഡ് ആക്കുന്നതിലൂടെയുമാണ് കമ്പ്യൂട്ടറിൽ

ഇൻഫർമേഷൻ സിസ്റ്റം മാനേജ്മെന്റ് സാധ്യമാകൂ എന്നാണ്. അത്തരത്തിലുള്ള ഇൻഫർമേഷൻ സിസ്റ്റം മാനേജ്മെന്റ് സാധ്യമാക്കുന്നതിലൂടെയാണ് കമ്പ്യൂട്ടർ ടെക്നോളജി ഇൻഫർമേഷൻ ടെക്നോളജിയായി മാറുന്നത്. അപ്പോൾ ടെക്സ്റ്റിനെ ഒഴിവാക്കിക്കൊണ്ട് കമ്പ്യൂട്ടറിൽ ഒരു ഇൻഫർമേഷൻ സിസ്റ്റം സാധ്യമല്ല. എത്രമാത്രം മൾട്ടിമീഡിയയോ വിഷ്വൽസോ ഓഡിയോയോ വരികയാണെങ്കിൽ പോലും ഇൻഫർമേഷൻ സിസ്റ്റം നിർമ്മിച്ചെടുക്കാനും ഇൻഫർമേഷൻ ടെക്നോളജി എന്ന അർഹത നേടിയെടുക്കാനും ടെക്സ്റ്റിനെ അവഗണിച്ചുകൊണ്ട് കമ്പ്യൂട്ടറിന് കഴിയുകയില്ല എന്നതാണ് പരമാർത്ഥം.

ലിപി

ഇംഗ്ലീഷിൽ Sun flower എന്ന് നമുക്ക് കമ്പ്യൂട്ടറിൽ ഫീഡ് ചെയ്യണം. നാമത് ശബ്ദത്തിലൂടെ പറഞ്ഞാലും സ്കാൻ ചെയ്ത് OCR (Optical Character Recognition) ഉപയോഗിച്ചാലും ഡിജിറ്റൽ പെൻ ഉപയോഗിച്ച് കൈ കൊണ്ട് എഴുതിക്കഴിയാലും കീബോർഡുപയോഗിച്ച് അടിച്ചാലും ടെക്സ്റ്റ് ആയാണ് കമ്പ്യൂട്ടറിനകത്ത് ഡാറ്റ ശേഖരിക്കപ്പെടുന്നത്. കമ്പ്യൂട്ടറിനുള്ളിൽ അത് ക്രോഡീകരിക്കുന്നത് ASCII കോഡ് ഉപയോഗിച്ചാണ്. നവീനമായ രീതിയിലാണെങ്കിൽ Unicode ആയാണ്. ഇതെല്ലാം നടക്കുന്നത് ടെക്സ്റ്റിനെ കേന്ദ്രീകരിച്ചാണ്. ടെക്സ്റ്റിന്റെ അടിസ്ഥാനപരമായ യൂണിറ്റ് ആൽഫബറ്റ് ആണ്. മലയാളത്തിൽ / ഇന്ത്യൻ ഭാഷയിൽ ലിപി എന്നു പറയും. ലിപി ഒഴിവാക്കിക്കൊണ്ട് കമ്പ്യൂട്ടറിന് IT എന്ന ലേബൽ സ്വയം എടുത്തണിയാൻ അർഹതയില്ല. കമ്പ്യൂട്ടറും ITയും വികസിപ്പിച്ചെടുത്ത രാജ്യങ്ങളിൽ ഇത് പ്രത്യേകം എടുത്തുപറയേണ്ട പ്രശ്നമായിരുന്നില്ല. അവരാദ്യം തന്നെ പരിഗണിച്ചിരുന്ന പ്രശ്നമായിരുന്നു ഭാഷയും ലിപിയും. ഇന്ത്യയിൽ തന്നെ ദേവനാഗരി, മറാത്തി, തമിഴ് മുതലായ നാട്ടിൽ ചെന്ന് കമ്പ്യൂട്ടറും ലിപിയും തമ്മിലുള്ള ബന്ധം എടുത്തുപറയേണ്ട ആവശ്യം വരുന്നില്ല. മറിച്ച് ഏറ്റവും പ്രബുദ്ധരെന്നവകാശപ്പെടുന്ന ഈ കേരളത്തിൽ IT യും മാതൃഭാഷയും നമ്മുടെ ലിപിയും തമ്മിലുള്ള ബന്ധം ഒരു പുതിയ കാര്യമെന്ന മട്ടിൽ പ്രസംഗിക്കേണ്ട ആവശ്യം വരുന്നു. ഇതൊരു ഗതികേടാണ്.
IT യും ഭാഷയും തമ്മിൽ നിലനിൽക്കേണ്ട ബന്ധത്തിന്റെ തിരിച്ചറിവില്ലായ്മയാണ് അടുത്ത കാലത്ത് നമ്മുടെ ഭാഷയിലും IT യിലും ഉണ്ടായ ചില അപചയങ്ങൾക്ക് കാരണം. രണ്ടു ഭാഗത്തും പ്രശ്നങ്ങളുണ്ട് IT യിലും ഭാഷയിലും. വാസ്തവത്തിൽ രചന 1999-ൽ അഡ്രസ് ചെയ്ത പ്രധാന പ്രശ്നങ്ങൾ ഇതിനെ ചുറ്റിപ്പറ്റിയാണ്. ലിപി കൂടാതെ information system ഇല്ല എന്നയിടത്ത് നിന്നാണ് നാം തുടങ്ങുന്നത്. ഭാഷയെ ഒഴിവാക്കിക്കൊണ്ട് ഒരു ഇൻഫർമേഷൻ ടെക്നോളജിയുമില്ല. അങ്ങനെയുണ്ടെങ്കിൽ ഞാനിതുവരെ കണ്ടിട്ടില്ല. Visuals നെ മാത്രം അല്ലെങ്കിൽ audio നെ മാത്രം ആസ്പദമാക്കിക്കൊണ്ട്, ടെക്സ്റ്റിനെ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് നമുക്കൊരു Information System ഉണ്ടാക്കിയെടുക്കാൻ കഴിയുമോ?. കമ്പ്യൂട്ടർ ഉണ്ടാക്കിയിരിക്കുന്നത് ടൈപ്പ് റൈറ്ററിന്റെ ജോലിക്കായല്ല. അതിന്റെ ഏറ്റവും പ്രധാന പ്രവർത്തനമണ്ഡലം വിവരവ്യവസ്ഥ ഉണ്ടാക്കലാണ്. അല്ലാതെ വേഡ് പ്രോസസ്സിങ്ങല്ല. വേഡ് പ്രൊസസ്സ് ചെയ്യാനും ടൈപ്സെറ്റ് ചെയ്യാനും വേണ്ടി പല പാക്കേജുകളുമുണ്ട്. കമ്പ്യൂട്ടർ കൊണ്ട് ചെയ്യാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള വൈവിദ്ധ്യമാർന്ന പ്രവർത്തികളുടെ നൂറിലൊന്നുപോലും ആകുന്നില്ല ഇപ്പറയുന്ന വേഡ് പ്രോസസ്സിങ്ങും ടൈപ്പ്സെറ്റിങ്ങും. കമ്പ്യൂട്ടർ ഐച്ഛികവിഷയമായി പഠിക്കുന്ന വിദ്യാർത്ഥികളുടെ സിലബസ്സിൽ വേഡ് പ്രോസസ്സിങ്ങ് ഗൗരവമായ ഒരു വിഷയമേ അല്ല. അവർ കൂലങ്കഷമായി പഠിക്കുന്നത് സിസ്റ്റം മാനേജ്മെന്റിനെക്കുറിച്ചും Information System Developmentനെക്കുറിച്ചും അതിന്റെ life cycle നെക്കുറിച്ചുമൊക്കെയാണ്. ഗഹനമായ, ഉപകാരപ്രദമായ വിവരവ്യവസ്ഥകൾ മനുഷ്യന്റെ ഏതു മണ്ഡലത്തിലുമുണ്ടാക്കാൻ കഴിയും എന്നുള്ളിടത്താണ്, അതിനായി കമ്പ്യൂട്ടർ ഉപയോഗിക്കാൻ കഴിയും എന്നുള്ളതുകൊണ്ടാണ് കമ്പ്യൂട്ടർ ടെക്നോളജി, information technology ആയി മാറിയിട്ടുള്ളത്. പക്ഷെ, നമ്മുടെ കേരളത്തിൽ വെറും വേഡ് പ്രോസസിംഗ് അല്ലെങ്കിൽ ടൈപ്പ് സെറ്റിങ്ങ് മാത്രമേ മലയാളത്തിൽ കമ്പ്യൂട്ടറിൽ തരപ്പെട്ടു എന്ന അവസ്ഥയാണുള്ളത്. ഇതിനനുബന്ധമായ പ്രശ്നങ്ങൾ നിരവധിയാണ്. അതിലൊന്ന്, വളരെ കാര്യമായ ഒരു പ്രശ്നം, വ്യക്തിപരമായി അനുഭവിച്ച ഒരു പ്രശ്നം വെബിലൊരു കവിതയടിച്ച് പ്രസാധനം ചെയ്യാൻ മാസങ്ങളോളം മലയാളത്തിന്റെ ഒരു ഫോണ്ട് തിരഞ്ഞുനടന്ന കഥ - ശ്രീ. പി. പി. രാമചന്ദ്രൻ നിങ്ങളോട്ടു പറയും.
എഴുത്തുകാരുടെ സഹകരണ പ്രസ്ഥാനമെന്ന നിലയിൽ പുസ്തകപ്രസാധനത്തിൽ ഏഷ്യയിലെ ഏറ്റവും വലിയ പബ്ലിഷിങ്ങ് ഹൗസ് NBS ജന്മം എടുത്ത നാട്. ലോകത്തിലെ ഏറ്റവും വിജയകരമായ ഗ്രന്ഥശാലാ പ്രസ്ഥാനം അരങ്ങേറിയ നാട്. ശാസ്ത്രം ജനങ്ങളിലേക്കെത്തിക്കാനായി ലോകത്തിലെ ഒരു പക്ഷെ ഏക ജനകീയ ശാസ്ത്ര സാഹിത്യ പ്രസ്ഥാനം പടർന്നു പന്തലിച്ച നാട്. നൂറു ശതമാനം സാക്ഷരത നേടിയ കേരളം. ഈ നാടിനെക്കുറിച്ചാണ് വിജയൻ മാഷ് വിലപിച്ചത്, നമ്മുടെ ഭാഷ മങ്ങുകയും നമ്മുടെ നാട് മറയുകയും ചെയ്യുന്നു എന്ന്. മലയാള കവിതകൾക്കായി ഇന്റർനെറ്റ് പബ്ലിഷിംഗ് തുടങ്ങിയപ്പോൾ പി. പി. രാമചന്ദ്രൻ നേരിട്ട സാങ്കേതിക പ്രശ്നങ്ങൾ കേട്ടാൽ IT വിദ്യാർത്ഥികളും അത്ഭുതപ്പെട്ടുപോകും.

Information System Development ന്റെ മേഖലയിൽ കമ്പ്യൂട്ടർ ഉപയോഗിക്കാൻ മലയാളഭാഷയ്ക്ക് കഴിഞ്ഞാലേ IT യുടെ പരിപൂർണ്ണത അവകാശപ്പെടാൻ കഴിയൂ. IT യുടെ സമഗ്രമായ പ്രയോഗം നമുക്കിവിടെ സാധ്യമാകണമെങ്കിൽ നമ്മുടെ ഭാഷ, നമ്മുടെ സ്ക്രിപ്റ്റ്, നമ്മുടെ ലിപി ഓപ്പറേറ്റിംഗ് സിസ്റ്റത്തിൽ ഉൾച്ചേർക്കുന്ന (Embed) ചെയ്യുന്ന രീതിയിലേക്ക് കമ്പ്യൂട്ടറിനെ കൊണ്ടുവരാൻ കഴിയണം. കമ്പ്യൂട്ടറിന്റെ അല്ലെങ്കിൽ കമ്പ്യൂട്ടിംഗിന്റെ സമസ്തമേഖലകളിലും നമ്മുടെ ലിപി സാധ്യമാകുന്ന ഒരു ടെക്നോളജിയെ മാത്രമേ കേരളക്കരയിൽ 'IT' എന്നുപറയാൻ കമ്പ്യൂട്ടർ വിദഗ്ദ്ധർക്ക് അവകാശമുള്ളൂ. ഇത് സാധ്യമാകണമെങ്കിൽ ഭാഷ അറിയാതെ സാധ്യമാവുകയില്ല. ഭാഷ അറിയണമെങ്കിൽ പൊള്ളയായ സുപ്പീരിയോരിറ്റി കോംപ്ലക്സുകൾ വെടിഞ്ഞ് ഭാഷാചിന്തകരുടേയും വിദഗ്ധരുടേയും സഹകരണം IT വിദഗ്ദർ തേടണം. ഭാഷയെ അവഗണിച്ചുകൊണ്ടുള്ള IT സാധ്യമല്ല എന്നുപറയുന്നത് കഴിഞ്ഞ നാലഞ്ചു വർഷത്തെ അനുഭവങ്ങളിൽ നിന്നാണ്. വലിയ വിദഗ്ദ്ധർ കമ്പ്യൂട്ടറിന്റെ മേഖലയിൽ ഉണ്ടായിട്ടുള്ള ഒരു നാടാണിത്. അവർ ഒരുപക്ഷെ ലാറ്റിൻ/റോമൻ സ്ക്രിപ്റ്റിൽ ഉണ്ടായിട്ടുള്ള പലപ്രശ്നങ്ങളും പരിഹരിച്ചിട്ടുണ്ട്. അതേസമയം നമ്മുടെ ഭാഷയുടെ പ്രശ്നങ്ങൾ പരിഹരിക്കുകയും കമ്പ്യൂട്ടർ സാങ്കേതികതയെ നമ്മുടെ നാടിന്റെ ടെക്നോളജിയാക്കി വികസിപ്പിക്കുകയും ചെയ്യുന്ന കാര്യത്തിൽ അസാധാരണമായ അലംഭാവം കാണിച്ചിട്ടുണ്ട്. അവർക്ക് മിടുക്കില്ലാഞ്ഞിട്ടല്ല. ഭാഷ കമ്പ്യൂട്ടറിന് അനിവാര്യമായ ഒന്നാണെന്ന അറിവ് ഇല്ലാതായതുകൊണ്ടാണ്. ഭാഷാപണ്ഡിതരുമായി സഹകരണവും സഹവർത്തിത്വവും ഇല്ലാതായതുകൊണ്ടാണ്. ഇക്കാര്യത്തിൽ ഭാഷാവിദഗ്ധർ, സാഹിത്യകാരന്മാർ, സാമൂഹ്യചിന്തകർ, പത്രപ്രവർത്തകർ ഇവർക്കൊക്കെ തെറ്റുപറ്റിയിട്ടുണ്ട്. അവർ കമ്പ്യൂട്ടറിനെ അവഗണിക്കുന്നു. മറുഭാഗത്ത് ഭാഷയില്ലാതെതന്നെ നമുക്ക് കമ്പ്യൂട്ടറിനെ കൈകാര്യം ചെയ്യാമെന്ന വിധത്തിലുള്ള IT യുടെ അപഥസഞ്ചാരം. ഇതിപ്പോൾ നിർണ്ണായകമായ ഒരു ഘട്ടത്തിൽ എത്തിനിൽക്കുന്നു. നമ്മുടെ ഇലക്ട്രോണിക് - ഡിജിറ്റൽ മേഖലയുടെ ആസ്ഥാന സ്ഥാപനങ്ങളായ CDIT ഉം Keltron ഉം പൂനെയിലെ C-DAC ന്റെ സഹായത്തോടെ ലിനക്സ് ഓപ്പറേറ്റിംഗ് സിസ്റ്റത്തിൽ മലയാളം Embed ചെയ്യാനുള്ള ശ്രമം തുടങ്ങിയിട്ട് മൂന്നുവർഷം കഴിഞ്ഞു. ഇതുവരെ ആ പ്രൊജക്ട് പൂർണ്ണമായില്ല. CDIT ഈയിടെ അവരുടേതായി ഒരു ലിനക്സ് ഡിസ്ട്രിബ്യൂഷൻ ഇറക്കി - 'കൈരളി ലിനക്സ്'. പേരുകേട്ടാൽ ഈ സാധനം ഒരു തനി മലയാളമാണെന്നു തോന്നും. പക്ഷെ, ഒരൊറ്റ മലയാളം അക്ഷരം പോലും ഇതിൽ വരില്ല. സിഡിറ്റിന് IT അറിയാത്തതല്ല കാരണം. വളരെ വിദഗ്ദ്ധരാണ് അവിടെയുള്ളവർ. നമ്മുടെ ഭാഷയുടെ അടിസ്ഥാനപരമായ പ്രശ്നം എന്താണെന്ന് അവർക്കറിയില്ല എന്നതാണു കാരണം. IT അടിസ്ഥാനപരമായി, അടിയന്തിരമായി ആലോചിച്ചു തുടങ്ങേണ്ട പ്രശ്നം നമ്മുടെ മാതൃഭാഷയുടെ ടെക്സ്റ്റ് അല്ലെങ്കിൽ സ്ക്രിപ്റ്റ് സിസ്റ്റത്തെക്കുറിച്ചുതന്നെയാണ്. ഇക്കാര്യത്തിൽ നമ്മുടെ ആസ്ഥാന ഭാഷാ വിദ്വാൻമാർക്കും വലിയ തകരാറുകൾ പിണഞ്ഞിരിക്കുന്നു.

വ്യവസ്ഥാപിതമായ (Systemised) ഒരു ലിപി സിസ്റ്റം ഇല്ലാത്തിടത്തോളം കാലം ഒരു തരത്തിലും ഉള്ള പ്രയോഗവും നമുക്ക് IT യിൽ സാധ്യമല്ല എന്ന തിരിച്ചറിവ് IT ക്കാർക്കും ഭാഷക്കാർക്കും ഉണ്ടായേ പറ്റൂ. ഇതിന്റെ ഒരു ചരിത്രമുണ്ട്. നമുക്ക് കമ്പ്യൂട്ടറിൽ നമ്മുടെ ഭാഷയെ സന്നിവേശിപ്പിയ്ക്കണമെങ്കിൽ ആ ടെക്സ്റ്റിന് വളരെ വ്യവസ്ഥാപിതമായ ഒരു ലിപി വേണം. നാം ഇഷ്ടപ്പെടാത്ത ഒരു സത്യം പറയട്ടെ: ഇന്ന് ഇന്ത്യൻ ഭാഷകളിൽ ഏകീകൃതമായ ഒരു ലിപി ഇല്ലാത്ത ഒരേയൊരു ഭാഷ മലയാളമാണ്! ഇത് അത്യുക്തി കലർത്തി പറയുന്നതല്ല. ലോകഭാഷകളുടെ ഗോത്രചരിത്രം വെച്ചു നോക്കിയാൽ അപൂർവ്വമായ രീതിയിൽ വികാസം പ്രാപിച്ച ഭാഷയാണ് നമ്മുടെ മലയാളം. തമിഴിൽ നിന്നാണ് ഉത്ഭവിച്ചതെങ്കിലും 10-ാം നൂറ്റാണ്ടോടെ ഗ്രന്ഥതമിഴ് എന്ന രീതിയിൽ ബ്രഹ്മിലിപിയുടെ ഒരു രൂപം പ്രചരിയ്ക്കുകയും, ഏകദേശം 14-15 നൂറ്റാണ്ടോടെ വട്ടെഴുത്ത് രൂപത്തിൽ ഓലകളിൽ നമ്മുടെ വിജ്ഞാനങ്ങളും അറിവുകളും രേഖപ്പെടുത്തുന്ന നിലയിലാവുകയും ചെയ്തു. അച്ചടി വരുന്നത് വളരെ വൈകിയാണ്. കേരളത്തിലെ ആദ്യത്തെ അച്ചടിശാല ഉണ്ടാകുന്നത് 1821-ലാണ്. ബഞ്ചമിൻ ബെയ്‌ലി എന്ന ജസ്യൂട്ട് പാതിരിയാണ് കോട്ടയത്ത് സി.എം.എസ്. പ്രസ് തുടങ്ങുന്നത്. അദ്ദേഹമാണ് മലയാള ഭാഷയുടെ ആദ്യത്തെ ലോഹ ടൈപ്പുകൾ ഡിസൈൻ ചെയ്യുന്നത്. നാമൊക്കെ എഴുതിപ്പഠിക്കുന്ന മലയാളത്തിന്റെ ലിപികൾ അച്ചടിക്കുവേണ്ടി രൂപകല്പന ചെയ്യുന്നത് അദ്ദേഹമാണ്. അതിനുമുമ്പ് അക്ഷരങ്ങൾ എഴുത്തായിട്ടാണ് നിലനിന്നിരുന്നത്. അതുവായിക്കാനും കൈവശം വയ്ക്കാനും മൊത്തം ജനസംഖ്യയുടെ അഞ്ചുശതമാനത്തിനുപോലും കഴിഞ്ഞിരുന്നില്ല. ഇന്നിപ്പോൾ നമ്മുടെ സാക്ഷരത നൂറിൽ എത്തിനിൽക്കുന്നു എന്നു പറയുമ്പോൾ 1821-നു മുമ്പ് 5% പോലും അക്ഷരങ്ങൾ അറിയുന്നവരല്ലായിരുന്നു എന്നോർക്കുക. എന്തായാലും സി.എം.എസ്. പ്രസ്സ് സ്ഥാപിക്കുന്നതിലൂടെയാണ് മലയാളത്തിന്റെ അക്ഷരങ്ങൾ ആധുനിക സാങ്കേതികതയ്ക്കായി പിറവിയെടുക്കുന്നത്. അതു ഡിസൈൻ ചെയ്യുമ്പോൾ ബെയ്‌ലി സ്വീകരിച്ച, ഇന്നും സ്വീകരിക്കാവുന്ന അനുകരണീയമായ ചില മാതൃകകളുണ്ട്. അദ്ദേഹത്തിന് വളരെയെളുപ്പത്തിൽ മലയാളത്തിന്റെ ഈ അക്ഷരങ്ങളെ റോമനാക്കി മാറ്റാമായിരുന്നു. A യും B യും എല്ലാം ഉപയോഗിച്ച് ലോകത്തിലെ പലഭാഷകളെയും അങ്ങനെ മാറ്റിയിട്ടുണ്ട്. തുർക്കിഭാഷ 1920 കളിൽ കമാൽപാഷയുടെ കാലത്ത് അറബിയോട് സാമ്യമുണ്ടായിരുന്ന ലിപി മാറ്റി യൂറോപ്യനൈസ് ചെയ്യാൻ വേണ്ടി റോമൻ സ്ക്രിപ്റ്റ് ആക്കി. അതേപോലെ ഫിലിപ്പൈനി, മലേഷ്യൻ ഭാഷ എന്നിവ റോമനൈസ് ചെയ്തു. 1920കളിലും 30 കളിലുമൊക്കെ ഇന്ത്യൻ ഭാഷകൾ റോമനൈസ് ചെയ്തു കഴിഞ്ഞാൽ

ടെക്നോളജിയിൽ നമുക്ക് പല മുന്നേറ്റങ്ങളും എളുപ്പത്തിൽ നടത്താൻ കഴിയും
എന്ന് നിർദ്ദേശിച്ച ഒരാളുണ്ടായിരുന്നു നമുക്ക് - രാഷ്ട്രശില്പിയായ നെഹ്റു.
ഭാഗ്യം കൊണ്ട് അതു നടന്നില്ല. അദ്ദേഹത്തെ തെറ്റുപറയുകയല്ല. വളരെ യൂറോപ്യൻ
ആയിട്ടുള്ള ചിന്താഗതിയായിരുന്നു അദ്ദേഹത്തിന്റേത്. അന്ന് അത് വളരെ മോഡേൺ
ആയിരുന്നു. ഇന്നിപ്പോൾ ആലോചിച്ചുനോക്കുമ്പോൾ, ഉദാഹരണത്തിന്,
അണക്കെട്ടിനെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പ്രകീർത്തനങ്ങൾ മറ്റർത്ഥത്തിൽ
കാണേണ്ടിവരും! അണക്കെട്ടുകൾ ലക്ഷക്കണക്കിനാളുകളെ അഭയാർത്ഥികളാക്കുമ്പോൾ
പ്രത്യേകിച്ചും. അന്ന് അണക്കെട്ടുകളുണ്ടാകട്ടെ, നമ്മുക്ക് വൈദ്യുതിയുണ്ടാകട്ടെ,
അതിലൂടെ മാത്രമെ വ്യവസായ പുരോഗതി ഉണ്ടാവുകയുള്ളൂ എന്നായിരുന്നു ചിന്ത. ഇന്ത്യയുടെ
നല്ല നാളെയ്ക്കുവേണ്ടിയുള്ള സ്വപ്നങ്ങളിലൊന്ന് ഇന്ത്യയുടെ ഭാഷയുടെ ലിപികളെല്ലാം
റോമനൈസ് ചെയ്ത് ഏകീകരിക്കുക എന്നതായിരുന്നു. എളുപ്പത്തിൽ ദേശീയോദ്ഗ്രഥനം
കൈവരിക്കാനുള്ള ഒരു സൂത്രമായത് കണക്കാക്കി. പക്ഷേ അതു ശക്തമായ എതിർപ്പുകൾ
നേരിടുകയും മാരകമായ ആ നിർദ്ദേശം വിസ്മൃതമാവുകയും ചെയ്തു.
അതിനും നൂറ് വർഷങ്ങൾക്കു മുമ്പ് മലയാളത്തിന്റെ ലിപി ബഞ്ചമിൻ ബെയ്‌ലി
രൂപകല്പന ചെയ്യുമ്പോൾ വളരെ എളുപ്പത്തിൽ A, B, C, D ഉപയോഗിച്ച് ടൈപ്പ്
ഫേസുകൾ ഉണ്ടാക്കാമായിരുന്നു. ആരും ഒരെതിർപ്പും പറയുമായിരുന്നില്ല.
കാലാന്തരത്തിൽ മലയാള അക്കങ്ങൾ മൺമറഞ്ഞതുപോലെ നമ്മുടെ ഭാഷയുടെ അക്ഷരങ്ങളും
വിസ്മൃതമായേനേ. ഫിലിപ്പൈനികളും തുർക്കികളും ചെയ്യുന്നതുപോലെ A യും B യും
ഉപയോഗിച്ച് മലയാളം സുന്ദരമായി നാം എഴുതിയേനേ! ബെയ്‌ലി അതു ചെയ്തില്ലെന്നു
മാത്രമല്ല, മലയാളം, തമിഴ്, തെലുങ്ക് തുടങ്ങിയ തെന്നിന്ത്യൻ ഭാഷകൾ പഠിക്കുകയും
ബ്രഹ്മി സിസ്റ്റത്തിൽ നിന്ന് പരിണമിച്ചിട്ടുള്ള എല്ലാ ലിപികളുടേയും താരതമ്യഭാഷാ
ശാസ്ത്രം പഠിക്കുകയും ചെയ്തു. ഇക്കാര്യങ്ങളിൽ അദ്വിതീയനായിരുന്നു പിന്നീടു വന്ന
ഗുണ്ടർട്ടും. ഭാരതീയ ഭാഷകളുടെ ആത്മാവു കണ്ടെത്തിയ ഇവരുടെയൊക്കെ ശ്രമഫലമായാണ്
ഇന്ന് നാം എഴുതുകയും പഠിക്കുകയും ചെയ്യുന്ന മലയാള ലിപി രൂപപ്പെടുകയും
പ്രചാരത്തിലാവുകയും ചെയ്തത്. അവരുണ്ടാക്കിയ ടൈപ്പുകളിൽ നിന്നാണ്
മലയാളക്കരയിൽ അച്ചടി പ്രചരിക്കുന്നത്. അതിൽ നിന്നാണ് നമ്മുക്ക് വായിക്കാൻ
പുസ്തകങ്ങൾ കിട്ടുന്നത്. അതിൽ നിന്നാണ് മലയാളി തന്റെ അക്ഷരങ്ങളെ
തിരിച്ചറിയുകയും പഠിക്കുകയും ചെയ്യുന്നത്. അന്നുതന്നെ എത്രയോ എളുപ്പത്തിൽ
ഇംഗ്ലീഷിലെ ഇരുപത്തിയാറ് അക്ഷരങ്ങൾ കൊണ്ട് മലയാള അക്ഷരമാല ഒപ്പിക്കാമായിരുന്നു.
പ്രത്യേക സ്വരങ്ങൾക്കുവേണ്ടി പ്രത്യേക അക്ഷരങ്ങൾ ഉണ്ടാക്കിയിരുന്നെങ്കിൽ
തന്നെ 40ൽ കൂടുതൽ അക്ഷരങ്ങൾ ഉണ്ടാവില്ലായിരുന്നു. തമിഴിന്റെ താവഴി എന്ന
നിലയിൽ തമിഴ് പുലവർ എന്ന പേരിലുള്ള സ്ക്രിപ്റ്റ് മുപ്പത്തഞ്ചോളം
അക്ഷരങ്ങളുമായി അന്ന് ഇവിടെ നിലവിലുണ്ടായിരുന്നു. വേണമെങ്കിൽ അതിനെ അനുകരിച്ച്
അത്രയ്ക്കും ടൈപ്പുകളിലേക്ക് ലിപികളുടെ എണ്ണം ബെഞ്ചമിൻ ബെയ്‌ലിക്ക്
കുറയ്ക്കാമായിരുന്നു. അതു ചെയ്തില്ലെന്നു മാത്രമല്ല ഒരു പാൻ-ഇന്ത്യൻ മാതൃക
മലയാള ലിപികളുടെ ഡിസൈനിംഗിൽ പിന്തുടരുകയാണ് അദ്ദേഹം ചെയ്തത്. ഇന്ത്യയിലെ മറ്റു
ഭാഷാ സ്ക്രിപ്റ്റുകളിൽ പ്രകടമായ ദേശീയ സ്വഭാവം കണക്കിലെടുത്ത് അത്ഭുതകരമാംവിധം
ചില സ്വരചിഹ്നങ്ങൾ വ്യഞ്ജനങ്ങളോട് അദ്ദേഹം കൂട്ടിച്ചേർത്തു നിലനിർത്തി.
ബെഞ്ചമിൻ ബെയ്‌ലിയുടെ കാലത്ത് വൈദ്യുതി പോലുമില്ല. ടൈപ്പുകൾ ഡിസൈൻ ചെയ്യാൻ
കമ്പ്യൂട്ടറില്ല. മണ്ണെണ്ണവിളക്കിന്റെ കാലമാണ്. കൊല്ലനേയും ആശാരിയേയും വച്ച്
അന്നദ്ദേഹത്തിന് ഒരു സെറ്റ് ടൈപ്പുകൾ ഉണ്ടാക്കാൻ നാല് വർഷം വേണ്ടിവന്നു.
നാല് വർഷംകൊണ്ട് അദ്ദേഹം ഏതാണ്ട് അറുനൂറോളം വ്യത്യസ്തമായ ടൈപ്പുകൾ
ഉണ്ടാക്കി. അതുപയോഗിച്ചാണ് മലയാളത്തിൽ അച്ചടി തുടങ്ങുന്നത്.
100-125 വർഷങ്ങൾക്കുശേഷം 1970കളിൽ ഭാഷാ ഇൻസ്റ്റിറ്റിയൂട്ട്
ടൈപ്പ്റൈറ്റർ എന്ന യന്ത്രത്തിനുവേണ്ടി നമ്മുടെ ഭാഷയുടെ ലിപിയെ, അടിസ്ഥാനപരമായ
ചിഹ്നങ്ങളെ വെട്ടിമുറിക്കുന്നു. ഈ വെട്ടിമുറിക്കൽ ബെഞ്ചമിൻ ബെയ്‌ലി
ചെയ്യാതിരുന്നിട്ടും നമ്മുടെ ഭാഷാ ഇൻസ്റ്റിറ്റിയൂട്ട് നമ്മുടെ ഭാഷയോടു ചെയ്തു.
ഒന്നേകാൽ നൂറ്റാണ്ടോളം വളരെ കുറച്ചു മാറ്റങ്ങളോടെയും പരിഷ്ക്കാരങ്ങളോടെയും
ചിട്ടയോടെ, വ്യവസ്ഥാപിതമായി നമ്മുടെ ലിപി സമ്പ്രദായം വളരുകയും നിലനില്ക്കുകയും
ചെയ്തു. നാൽപതിനായിരത്തോളം പുസ്തകങ്ങൾ ആ ലിപിയിൽ പ്രസിദ്ധീകരിച്ചു. ഓരോ
അക്ഷരങ്ങളും കൈകൊണ്ട് പെറുക്കിവെയ്ക്കുന്ന രീതിയിലായിരുന്നു
അച്ചുകൂട്ടങ്ങളെല്ലാം. ഇക്കഴിഞ്ഞ അഞ്ചെട്ട് വർഷങ്ങളിലാണ് കമ്പ്യൂട്ടറൈസ്ഡ്
ടൈപ്സെറ്റിംഗ് (DTP) പ്രചാരത്തിലാകുകയും ഗ്രാമങ്ങളിലാകെ പഴയ അച്ചടിശാലകൾക്കു
പകരം മിനി ഓഫ്സെറ്റ് വരികയും ചെയ്യുന്നത്. അതിനുശേഷമാണ് പൂർണ്ണമായി DTP യും
ഓഫ്സെറ്റ് പ്രിന്റിംഗും മാത്രമായി അച്ചടിമാറുന്നത്. ചില കുഗ്രാമങ്ങളിൽ
കൈകൊണ്ട് അക്ഷരങ്ങൾ പെറുക്കിവെയ്ക്കുന്ന അച്ചടിശാലകൾ ഇപ്പോഴും
അവശേഷിക്കുന്നു. ഇന്നത്തെ സൗകര്യങ്ങളൊന്നും ഇല്ലാത്ത കാലത്തും അറുനൂറിലേറെ
അക്ഷരങ്ങൾ ഉപയോഗിച്ച് ഗ്രന്ഥനിർമ്മാണവും അച്ചടികളും എല്ലാം നമ്മുടെ നാട്ടിൽ
സുഗമമായി നടന്നിരുന്നു എന്നത് ഒരു വിസ്മയമായി മാറുകയാണ്.
1970കളിൽ മലയാളത്തിൽ ഭാഷയുടെ ലിപി പരിഷ്ക്കരണം നടന്നു. ആ
പരിഷ്ക്കരണത്തോടുകൂടിയാണ് രചന പിന്നീട് ചൂണ്ടിക്കാണിച്ച ഭാഷയിലെ അവ്യവസ്ഥകൾ
കടന്നുവരുന്നത്. അന്ന് അത്തരത്തിലുള്ള പരിഷ്ക്കരണം നടക്കാനുള്ള യഥാർത്ഥ കാരണം
എന്താണ്? ഭരണഭാഷ മലയാളമാക്കുക എന്ന ലക്ഷ്യമാണ് പ്രധാന കാരണമായി പറയുന്നത്.
ഭരണഭാഷ മലയാളമാകുമ്പോൾ പ്രകടമാകുന്ന ഒരു പ്രധാന വ്യതിയാനം ഔദ്യോഗിക
കത്തിടപാടുകൾ കൈകൊണ്ടെഴുതുന്നതിനു പകരം ടൈപ്പ് ചെയ്യണം എന്നുള്ളതാണ്.

ടൈപ്പ്റൈറ്റർ എന്ന യന്ത്രം അന്ന് ഇംഗ്ലീഷ് അടിക്കാൻ വേണ്ടിയുള്ള ഒരു യന്ത്രമായിരുന്നു. മലയാളത്തിലെ അറുനൂറിലേറെ അക്ഷരങ്ങൾക്കായി പുതിയൊരു ഭീമനായ ടൈപ്പ്റൈറ്റർ ഉണ്ടാക്കുക എന്നത് അചിന്ത്യമായിരുന്നു. സാദ്ധ്യമായ ഏകകാര്യം ഇംഗ്ലീഷ് ടൈപ്പ്റൈറ്ററിലെ തൊണ്ണൂറോളം വരുന്ന കട്ടകളിലേക്ക്/കീകളിലേക്ക് നമ്മുടെ അക്ഷരസഞ്ചയത്തെ വെട്ടിയൊതുക്കുക എന്നതു മാത്രമായിരുന്നു. അതു സാധ്യമാകണമെങ്കിൽ മലയാളത്തിലെ സവിശേഷമായ ചില സ്വരവ്യഞ്ജനങ്ങളെ, കൂട്ടക്ഷരങ്ങളെ, ഇരട്ടിപ്പുകളെ വേർപെടുത്തേണ്ടിയിരിക്കുന്നു. അങ്ങനെയാണ് 'ഉ'കാരങ്ങളും 'ഊ'കാരങ്ങളും 'ഋ'കാരങ്ങളും 'റ'കാരങ്ങളും വ്യഞ്ജനങ്ങളിൽ നിന്ന് വേർപെട്ടുപോയത്. കു എന്നത് കു എന്ന്, ക്കു എന്നത് ക്കു എന്ന്, കൃ എന്നത് കൃ എന്ന്, ക്ര എന്നത് ക്ര എന്ന്, ക്രൂ എന്നത് ക്രൂ എന്ന്, ക്ത എന്നത് ക്ത എന്ന്, സ്ക്രു എന്നത് സ്ക്രൂ എന്നിങ്ങനെ ..... ഇപ്രകാരം ലിപിവ്യവസ്ഥ അടിമുടി മാറ്റിക്കൊണ്ടുള്ള ഒരു വ്യതിയാനം കൊണ്ടേ നമ്മുടെ ഭാഷ ഇംഗ്ലീഷ് ടൈപ്പ് റൈറ്റർ എന്ന യന്ത്രത്തിൽ ഒതുങ്ങിക്കിട്ടുമായിരുന്നുള്ളൂ. ഭാഷയിലെ ഇരട്ടിപ്പുകൾ പോലും ടൈപ്പ്റൈറ്ററിലൂടെ പുതിയ രൂപത്തിലായി. വട്ടപ്പാറ വട്ടപ്പാറ ആയിമാറി.

ടൈപ്പ്റൈറ്ററിനെ മുൻനിർത്തി ചിന്തിക്കുകയാണെങ്കിൽ 1970കളിലെ ലിപി പരിഷ്ക്കരണം യുക്തിപരമായ, പ്രായോഗികമായ ഒന്നായിരുന്നു. മറ്റുചില യുക്തികളുമായി ഈ പരിഷ്ക്കരണത്തെ ബന്ധപ്പെടുത്തുമ്പോഴാണ് പരിഷ്ക്കരണത്തിന്റെ യുക്തിഭദ്രത പൊളിയുന്നത്. ഒരു യുക്തി ഇതാണ്: അന്ന് സന്ദർഭവശാൽ ടൈപ്പ്റൈറ്റർ എന്ന യന്ത്രത്തിൽ 90 കട്ടകൾക്ക് പകരം 200 കട്ടകൾ ഉണ്ടായിരുന്നു എന്ന് കരുതുക. പരിഷ്ക്കരണം ഏതു വിധമാകുമായിരുന്നു? മുപ്പത് കട്ടകളുള്ള ഒരു ടൈപ്പ്റൈറ്ററായിരുന്നെങ്കിൽ പരിഷ്ക്കരണം ഏതുവിധമാകുമായിരുന്നു? അറുപത്തയ്യായിരം അക്ഷരങ്ങൾ ഉൾക്കൊള്ളാൻ കഴിയുന്ന ഇന്നത്തെ യൂണികോഡ് ഫോണ്ട് സംവിധാനവും കമ്പ്യൂട്ടറുമാണ് അന്ന് ഉണ്ടായിരുന്നതെങ്കിൽ ലിപി പരിഷ്ക്കരണം ഏതുവിധമാകുമായിരുന്നു?

എഴുപതുകളുടെ ആരംഭം മുതൽ കേരളത്തിലെ സർക്കാർ ഓഫീസുകളിൽ ഇംഗ്ലീഷ്/മലയാളം ടൈപ്പ്റൈറ്ററുകൾ നിറയാൻ തുടങ്ങി. ഗോദ്റെജും ഹാൾഡയും റെമിങ്ങ്ടണും യന്ത്രം വിറ്റ് നല്ല കൊയ്ത്തു കൊയ്തു. കേരളത്തിൽ മാത്രമേ അവർക്ക് ഉഗ്രൻ കച്ചവടം കിട്ടിയുള്ളൂ. ലിപി വെട്ടിമുറിച്ച് ഇംഗ്ലീഷ് കട്ടകളിലൊതുക്കുന്ന വിദ്യ മറ്റു ഭാരതീയ ഭാഷകളിലും കണ്ടുപിടിച്ചിരുന്നു. തദനുസൃതമായ ടൈപ്പ്റൈറ്ററുകളും ഉണ്ടായി. പക്ഷെ അവിടെയൊന്നും ഈ സൂത്രം വിറ്റുപോയില്ല. കേരളത്തിൽ എന്തും ചിലവാകുമല്ലൊ. പരിഷ്ക്കരണം എന്ന ലേബലിൽ എന്ത് ഇറക്കിയാലും ഏത് ളുക്കുകയർ ഇറങ്ങിയാലും ഇവിടെ ക്യൂ നിന്ന് ആളുകൾ വാങ്ങും.

എഴുപതുകളിലെ പരിഷ്ക്കരിച്ച ലിപി മലയാളി ജനത ഒന്നടങ്കം അന്ധമായി ഇങ്ങനെ സ്വീകരിച്ചോ എന്നത് രചനയ്ക്ക് പക്ഷെ സംശയമാണ്. ശൂരനാട്ടു കുഞ്ഞൻപിള്ള, എൻ. വി. കൃഷ്ണവാരിയർ മുതലായ മഹാപണ്ഡിതർ ലിപി പരിഷ്ക്കരണവുമായി മുമ്പിലുണ്ടായിരുന്നു. ലിപി പരിഷ്ക്കരണകമ്മിറ്റിയുടെ ചെയർമാൻ ശൂരനാട്ടു കുഞ്ഞൻപിള്ളയായിരുന്നു. 1968ൽ സമർപ്പിച്ച ലിപി പരിഷ്ക്കരണ റിപ്പോർട്ടിൽ അദ്ദേഹം ഒരു കാര്യം തറപ്പിച്ചു പറഞ്ഞിരുന്നു. ഈ പരിഷ്ക്കരണം ടൈപ്പ്റൈറ്ററിനും ലിനോടൈപ്പ് അച്ചടിക്കും മാത്രമാണ്. ഈ അക്ഷരങ്ങൾ ഒരിക്കലും കുട്ടികളെ എഴുതാൻ പഠിപ്പിക്കരുത് എന്ന്.

പിന്നെ എങ്ങനെയാണ് 1973-ൽ ഒന്നാം പാഠ പുസ്തകത്തിൽ ടൈപ്പ്റൈറ്റർ ലിപി പ്രത്യക്ഷപ്പെട്ടത്?

പരിഷ്ക്കരിച്ച ലിപിയെ 'പുതിയ ലിപി' എന്ന് വിളിക്കാൻ തുടങ്ങി. പൊടുന്നനവെ, ഒന്നേകാൽ നൂറ്റാണ്ടോളം സുവ്യവസ്ഥിതമായി നിലനിന്ന ഒരു സ്ക്രിപ്റ്റ് 'പഴയ' ലിപിയായി മാറി. 'പഴയ', 'പുതിയ' എന്നീ വിശേഷണങ്ങൾ തെറ്റായ ഒരു മൂല്യവ്യവസ്ഥയ്ക്കു (False Value System) ജന്മം കൊടുത്തു. 'പഴയത്' പ്രാകൃതമാണെന്നും, അതിനാൽ പുരോഗതിക്ക് എതിരാണെന്നും, പുതിയത് പുരോഗമനപരമാണെന്നും, അതിനാൽ സ്വീകര്യമാണെന്നും എന്നൊക്കെയുള്ള അസംബന്ധമായ നിർണ്ണയങ്ങളിൽ കേരളത്തിലെ പണ്ഡിതരും അധ്യാപകരും വിദ്യാർത്ഥികളും എത്തിക്കപ്പെട്ടു.

അതുകൊണ്ട് രചന 'പഴയ' എന്ന പദം ബോധപൂർവ്വം ഉപേക്ഷിക്കുന്നു. പകരം തനതു ലിപി (Original Malayalam Script) എന്നാണ് ലിപി വ്യവഹാരങ്ങളിൽ രചന ഉപയോഗിക്കുന്നത്. ലിപി പരിഷ്ക്കരണത്തിന്റെ മാനദണ്ഡങ്ങളെ രചന സമീപിക്കുന്നത് സാംസ്കാരികവും ചരിത്രപരവുമായ പരിസരങ്ങളിൽ നിന്നുകൊണ്ടാണ്. ലിപിയുടെ പരിണാമങ്ങളിൽ / രൂപഭേദങ്ങളിൽ ഇനിയും അറിയപ്പെടാത്ത നിഗൂഢതകളുണ്ടെന്നാണ് രചനയുടെ വിശ്വാസം. ഇന്ത്യൻ ഭാഷകളിൽ ഉ കാരത്തിന്റെ കാര്യമെടുക്കുക. ബ്രഹ്മിലിപിയിൽ നിന്നാണല്ലോ ഇന്ത്യയിലെ ഭൂരിപക്ഷം സ്ക്രിപ്റ്റിന്റേയും ഉത്ഭവം. അകാരവും എകാരവും ഒകാരവും ഇകാരവും ഒക്കെ വ്യഞ്ജനത്തിൽ നിന്നും വേറിട്ടുനില്ക്കുന്ന അടയാളങ്ങൾ കൊണ്ടാണ് ബ്രഹ്മിയിൽ പ്രകടിപ്പിക്കപ്പെടുന്നത്. ചിലത് ഇടത്ത്, ചിലത് വലത്ത്, മറ്റുചിലത് ഇടത്തും വലത്തും എന്നിങ്ങനെ പലമാതിരി സ്വരചിഹ്നങ്ങൾ സ്ഥാനപ്പെടുമ്പോഴും വ്യഞ്ജനങ്ങളിൽ നിന്നും സ്വതന്ത്രമായി വേറിട്ടുനിൽക്കുന്ന ചിഹ്നങ്ങൾ തന്നെയാണവ. ഇങ്ങനെ വ്യഞ്ജനങ്ങളിൽ നിന്നും വേറിട്ട അടയാളങ്ങളാൽ സ്വരങ്ങൾ പ്രകടിപ്പിക്കാൻ യുക്തിയും വൈഭവവും കാണിച്ച നമ്മുടെ പിതാമഹർ എന്തുകൊണ്ട് ഉകാരത്തിന്റെ കാര്യത്തിൽ മറ്റൊരു സമീപനം കൈകൊണ്ടു? എന്തുകൊണ്ട്

വ്യഞ്ജനത്തിൽ നിന്നും വേർപെടുത്താതെ ഉകാരത്തെ നിലയുറപ്പിച്ചു? ബ്രഹ്മിയിലെ ആദ്യാക്ഷരങ്ങളിൽ തന്നെ ഊകാരത്തിന്റെയും ഋകാരത്തിന്റേയും സ്ഥിതി ഇപ്പറഞ്ഞതുപോലെ വ്യഞ്ജനത്തോടു കൂടിച്ചേർന്നാണ്. ദേവനാഗരിയിലും ബംഗാളിയിലും തമിഴിലും മറാത്തിയിലും ഒക്കെ ഇപ്പറഞ്ഞതുപോലെയാണ് ഇപ്പോഴും. മലയാളത്തിലും ഇപ്പറഞ്ഞതുപോലെയായിരുന്നു. നൂറ്റിയെഴുപത്തഞ്ച് വർഷങ്ങൾക്കുമുമ്പ് ബെഞ്ചമിൻ ബെയ്‌ലി മലയാളം സ്ക്രിപ്റ്റ് രൂപപ്പെടുത്തുമ്പോഴും ഇപ്പറഞ്ഞ സ്വരവ്യഞ്ജനങ്ങളെ തൊട്ടുകളിച്ചില്ല; വേർപ്പെടുത്തിയില്ല. ഇന്ത്യൻ സ്ക്രിപ്റ്റുകളിൽ നിലനില്ക്കുന്ന പാൻ-ഇന്ത്യൻ മാതൃകകളെ അപ്പടി സ്വീകരിക്കുകയാണ് ബെയ്‌ലി ചെയ്തത്. കാരണം ലിപിയെന്നത് ഒരു പ്രദേശത്തെ ജനത അനേകതലമുറകളിലായി അബോധപൂർവ്വം രൂപപ്പെടുത്തിയ ഒന്നാണെന്നും, അടയാളങ്ങളുടെ, വക്രങ്ങളുടെ രൂപീകരണത്തിൽ/ പ്രയോഗങ്ങളിൽ/ പരിണാമങ്ങളിൽ താന്ത്രിക് എന്നു വിശേഷിപ്പിക്കാവുന്ന നിഗൂഢതകൾ ഉണ്ടെന്നും ലളിതമായ യുക്തികൾ കൊണ്ട്, പ്രയോഗപരമായ അല്ലെങ്കിൽ സാങ്കേതികമായ കാരണങ്ങൾ പറഞ്ഞ് അവയെ മാറ്റിമറിക്കുമ്പോൾ ഭാഷയുടെ കെട്ടുറപ്പുതന്നെ ശിഥിലമാകുമെന്നും അദ്ദേഹത്തിന് അറിവുണ്ടായിരുന്നു.

ഈ വിവേകംവും ചരിത്രബോധവും കേരള ഭാഷാ ഇൻസ്റ്റിറ്റിയൂട്ടിന് ഇല്ലാതെ പോയി. സ്വരവ്യഞ്ജനങ്ങളുടെ കാര്യത്തിൽ ഇൻസ്റ്റിറ്റിയൂട്ട് പണ്ഡിതന്മാരുടെ യുക്തികൾ വളരെ ലീനിയർ ആയിരുന്നു: കു, തു, നു, പു എന്നിങ്ങനെ പലതരത്തിൽ ഉകാരങ്ങൾ മലയാളത്തിൽ നിലനിൽക്കുന്നു. ഇകാരത്തെപ്പോലെ വേറിട്ട ഒരു ചിഹ്നം കൊണ്ട് എല്ലാ ഉകാരങ്ങളേയും പ്രകടിപ്പിക്കാൻ കഴിയും. ു തന്നെയാകട്ടെ ഈ ചിഹ്നം. ഇപ്പോൾ എല്ലാ ഉകാരങ്ങളും ഒരേപോലെ ആയിത്തീർന്നിരിക്കുന്നു. കു, തു, നു, പു, - എല്ലാം 'മാനകീകൃത'മായിരിക്കുന്നു! പഠിക്കാനും എഴുതാനും ഇപ്പോൾ എന്തെളുപ്പം! പൂർവ്വികർ ഒരർത്ഥത്തിൽ മണ്ടന്മാരായിരുന്നു! ഇത്രയ്ക്ക് ഒരു എളുപ്പവഴി കണ്ടെത്താൻ കഴിയാത്തവർ. എന്തായാലും വരും തലമുറകൾക്ക് ഇനി മലയാളം പഠിക്കാൻ ബുദ്ധിമുട്ടുവരില്ല.

900 അക്ഷരങ്ങളെ 90 അക്ഷരങ്ങളിലേക്ക് ഒതുക്കിയതാണ് കേരള ഭാഷാ ഇൻസ്റ്റിറ്റിയൂട്ട് നടത്തിയ ഏറ്റവും വലിയ കണ്ടുപിടുത്തം / ഭാഷാസേവനം എന്ന് ഒരിക്കൽ ഇൻസ്റ്റിറ്റിയൂട്ടിന്റെ ഡയറക്ടർ ഡോ. തമ്പാൻ വാദിക്കുകയുണ്ടായി.

ഭാഷയുടെയും ലിപിയുടെ യും മൗലികതകൾ, സ്വത്വപരമായ അവസ്ഥകൾ, ചരിത്രപരമായ സാംഗത്യങ്ങൾ, ആയാസരഹിതമായ പ്രയോഗക്ഷമതകൾ, അന്തർഹിതമായ പാറ്റേണുകൾ - ഇത്തരം സങ്കീർണ്ണതകളെയും ലാളിത്യങ്ങളെയും കണ്ടറിയാനുള്ള ശേഷിനഷ്ടപ്പെട്ട ഭാഷാപണ്ഡിതരാണ് മാതൃഭാഷയെ കൊല്ലുന്നത് എന്നാണ് രചനയുടെ പക്ഷം. പണ്ഡിതരും ഉദ്യോഗസ്ഥരും ചെയ്യുന്ന വിവേകശൂന്യമായ 'പരിഷ്കാരങ്ങൾ' അറിയാനുള്ള അവകാശം നിഷേധിക്കപ്പെട്ട സാധാരണ ജനങ്ങളും വിദ്യാർത്ഥികളും ഇന്ന് സംഭവിച്ചുകൊണ്ടിരിക്കുന്ന ഭാഷയുടെ മരണത്തിന് ഉത്തരവാദികളല്ല.

## മലയാളത്തനിമ

എഴുപതുകളിൽ തുടങ്ങിയ ഭാഷാ പരിഷ്ക്കരണം 1997 ൽ എത്തിയപ്പോൾ വിചിത്രമായ മറ്റൊരുഘട്ടത്തിലേക്ക് കടന്നു. ഡോ. പ്രബോധചന്ദ്രൻ നായരുടെ നേതൃത്വത്തിൽ, ഡോ. തമ്പാന്റെ ഒത്താശയോട ഭാഷാ ഇൻസ്റ്റിറ്റിയൂട്ട് മറ്റൊരു പ്രസ്ഥാനം ആരംഭിച്ചു. 'മലയാളത്തനിമ' എന്നായിരുന്നു ഈ പ്രസ്ഥാനത്തിന്റെ പേര്. മലയാളത്തനിമയുടെ ലക്ഷ്യം ചുരുക്കിപ്പറയാം: മലയാളത്തിൽ ഇപ്പോഴും അക്ഷരങ്ങൾ കൂടുതലാണ്. 90ൽ നിന്ന് 60ലേക്ക് ചുരുക്കിക്കൊണ്ടുവരാൻ ചില സൂത്രങ്ങൾ ഉപയോഗിച്ചാൽ കഴിയും. ഇന്ന് നിലവിലിരിക്കുന്ന അപൂർവ്വം കൂട്ടക്ഷരങ്ങൾ ചന്ദ്രക്കലയിട്ട് പിരിച്ചെഴുതിയാൽ മതി. എന്തിനാണ് ഭാഷയിൽ ഋകാരവും രേഫവും? എല്ലാം സന്ദർഭാനുസരണം 'റ'യും 'ര'യും ഉപയോഗിച്ച് എഴുതിയാൽ പോരെ? ഉദാഹരണത്തിന് പ്റബോധ ചന്ദ്രൻ, ക്റ്ത്റിമം എന്നിങ്ങനെ. ലിപിയുടെ എണ്ണം കുറയുന്നതിലൂടെ വിദേശികൾക്ക് മലയാളം പഠിക്കാൻ എളുപ്പമാകും!

സത്യം പറഞ്ഞാൽ 'മലയാളത്തനിമ' രചനയുടെ പിറവിക്ക് നിമിത്തമായി. 1999ൽ മലയാളത്തിന്റെ സമഗ്രലിപിസഞ്ചയം വേഡ് പ്രോസസ്സിങ്ങിൽ രചന ആവിഷ്ക്കരിച്ചതോടെ 'മലയാളത്തനിമ' ചരിത്രത്തിന്റെ ഒരു ഫലിതമായി മാറി. കുറച്ചുനാൾ ഡോ. തമ്പാനും പ്രബോധചന്ദ്രൻനായരും രചനയ്ക്കെതിരെ പ്രസംഗിച്ചുകൊണ്ടുനടന്നിരുന്നു. മലയാളികളുടെ ഡിജിറ്റൽ ഭാവിയെ നശിപ്പിക്കാനുള്ള സാമ്രാജ്യത്വഗൂഢാലോചനയാണ് രചനയെന്നും പ്രാകൃതമായ അവസ്ഥകളിലേക്ക് തിരിച്ചുപോകാനുള്ള പ്രവണത പ്രദർശിപ്പിക്കുന്ന പിന്തിരിപ്പനായ ഒരു പ്രസ്ഥാനമാണതെന്നും സഖാവ് പി. ഗോവിന്ദപ്പിള്ള ഘോരമായി വാദിച്ചു. ഇന്നിപ്പോൾ 2005ൽ ഡോ. കെ. എം. ജോർജ്ജിന്റെ കത്തുകൾ ഭാഷാ ഇൻസ്റ്റിറ്റിയൂട്ട് പ്രസിദ്ധീകരിച്ചിരിക്കുന്നത് രചന ഉപയോഗിച്ചാണ്. പിന്തിരിപ്പൻ ലിപിയിൽ ! ചരിത്രത്തിന്റെ മറ്റൊരു ഫലിതം.

ഭരണഭാഷയ്ക്കുവേണ്ടി, ടൈപ്പ്റൈറ്ററിനു വേണ്ടി ഇന്ത്യയിലെ എല്ലാ ഭാഷകളുടേയും ലിപികൾ 1970കളുടെ ആരംഭത്തിൽ വെട്ടിമുറിക്കുകയുണ്ടായി. കേരളമൊഴികെ ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും ഈ 'പരിഷ്കരിച്ച' ലിപികളെ അംഗീകരിക്കുകയുണ്ടായില്ല. പാഠപുസ്തകങ്ങളിലൂടെ കുട്ടികളെ പഠിപ്പിക്കുകയുണ്ടായില്ല. അക്കാദമിക് വ്യായാമത്തിലുപരി ഒരു പ്രാധാന്യവും തമിഴരോ, ബംഗാളികളോ, മറാത്തക്കാരോ ഇതിന് കൊടുത്തില്ല. 1992-ൽ ഫോണ്ടുകളുടെ ഡിജിറ്റൽ നിർമ്മിതി നേരിട്ടു

കണ്ടുപഠിക്കാനായി പൂനയിലെ കാഞ്ഞ (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൈപ്പോഗ്രാഫിക് റിസർച്ച്)ൽ ചെന്ന് ഇതൊക്കെ സംസാരിക്കുമ്പോൾ അവർ ഈ 'ലിപി പരിഷ്കരണ'മൊക്കെ എന്നേ മറന്നുപോയിരിക്കുന്നു! ഇന്ത്യയിലെ തന്നെ അന്നുജീവിച്ചിരിക്കുന്ന പ്രമുഖനായ അവിടത്തെ ടൈപ്പോഗ്രാഫർ ('ലിപികർ' എന്നാണ് അദ്ദേഹത്തെ വിളിച്ചിരുന്നത്. യഥാർത്ഥപേര് മറന്നുപോയി. അദ്ദേഹത്തിനന്ന് 90 വയസ്സു കഴിഞ്ഞുകാണും) സംസാരത്തിനിടയിൽ ചോദിച്ച ഒരു ചോദ്യം ഇന്നും മായാതെ മനസ്സിലുണ്ട്. നിങ്ങളുടെ ആ മനോഹരമായ ലിപി, അതെന്തിനാണ് ഇങ്ങനെയാക്കിയത്? കൂട്ടക്ഷരങ്ങളൊക്കെ ധാരാളമുള്ള ഞങ്ങളുടെ ലിപികളൊന്നും ഒരു കേടും കൂടാതെ ഇപ്പോഴും നിലനില്ക്കുന്നുണ്ടല്ലോ? മലയാളത്തേക്കാൾ സങ്കീർണ്ണതകളുള്ള ഒറിയ ഭാഷയുടെ അക്ഷരങ്ങൾ ഒരു മാറ്റവും കൂടാതെ കാലിഗ്രാഫിയുടെ എല്ലാ വശ്യതയോടും ശക്തിയോടും ഫ്ളെക്സിബിലിറ്റിയോടും കൂടി ലോഹടൈപ്പുകളുടെ കാലഘട്ടത്തിലേതിനേക്കാൾ നന്നായി ഇന്ന് കമ്പ്യൂട്ടറിൽ ആവിഷ്ക്കരിക്കാൻ കഴിയുന്നുണ്ടല്ലോ?

ഇതേ ചോദ്യമാണ് വർഷങ്ങൾക്കുശേഷം രചനയും ചോദിച്ചത്. ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ വന്നുതുടങ്ങിയ അവസാനത്തോടെയെങ്കിലും നമ്മുടെ ഗവൺമെന്റ് ഏജൻസികൾ വിചാരിച്ചിരുന്നെങ്കിൽ ഇത് സാദ്ധ്യമാകുമായിരുന്നു. അവരീ കർത്തവ്യം ഏറ്റെടുത്തില്ലെന്നു മാത്രമല്ല, 1999ൽ മലയാളത്തിന്റെ സമഗ്രമമായ തനതുലിപി സഞ്ചയം വേഡ് പ്രോസസ്സിംഗിലും ടൈപ്പ് സെറ്റിംഗിലും വിജയകരമായി രചന ആവിഷ്ക്കരിച്ചു നടപ്പാക്കിയപ്പോൾ എതിർക്കുകയാണ് ചെയ്തത്.

രചന മുന്നോട്ടുവെച്ച കാര്യങ്ങൾ വാസ്തവത്തിൽ വളരെ ലളിതമാണ്. ഞാനതു ചുരുക്കിപ്പറയാം.

ഏതു ലിപികളുടെയും പരിണാമം ജൈവസ്പീഷീസുകളുടേതുപോലെ അത്ര സൂക്ഷ്മമായും പതുക്കെയും സംഭവിക്കുന്ന ഒന്നാണ്. മാറി മാറിവരുന്ന സാങ്കേതിക വിദ്യകൾ (ഓലയിലെഴുത്ത്, അച്ചടി മുതലായവ) എഴുത്തിന്റെ രീതികളെ, അക്ഷരത്തിന്റെ ആകൃതികളെ നിർണ്ണയിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. അക്ഷരങ്ങൾക്കുവേണ്ടി പുതിയ സാങ്കേതികതയെ എത്രത്തോളം മെരുക്കിയെടുക്കാൻ കഴിയും എന്നതാണ് സാങ്കേതിക ചരിത്രത്തിന്റെ ദശാസന്ധികളിൽ കണ്ടുവന്നിട്ടുള്ള സമീപന രീതികൾ. നേരെ തിരിച്ചല്ല. അച്ചടി നിലവിൽ വന്നപ്പോൾ അതിനുമുമ്പ് ആയിരക്കണക്കിനു വർഷങ്ങളായി നിലനിന്നിരുന്ന അക്ഷരങ്ങളെ കഴിയുന്നത്ര കോട്ടം തട്ടാതെ പുതിയ സാങ്കേതികതയിലേക്ക് സ്വാംശീകരിക്കുകയാണ് ചെയ്തത്. പക്ഷേ, അച്ചടി എന്ന പുതിയ സാങ്കേതികവിദ്യ ലിപിയുടെ രൂപത്തിൽ വലിയ സാദ്ധ്യതകളുണ്ടാക്കി. അടിസ്ഥാന ഘടനയ്ക്കു വ്യത്യാസം വരുത്താതെ ആയിരക്കണക്കിനു വ്യത്യസ്തങ്ങളായ, മനോഹരങ്ങളായ ടൈപ്പ് ഫേസുകൾ (ഫോണ്ടുകൾ) ഉണ്ടായി. അച്ചടിയുടെ കാലം ലിപികളുടെ സുവർണ്ണകാലമാണ്. വെട്ടിമുറിക്കലിന്റേയും നാശത്തിന്റേയും കാലമല്ല.

അച്ചടിയുടെ കാലഘട്ടത്തിൽ മലയാള ലിപിയിലും ചരിത്രത്തിന്റെ/എഴുത്തിന്റെ നൈരന്തര്യത കെടാതെ നിലനിന്നിരുന്നു. ടൈപ്പ്റൈറ്റർ വ്യാപകമായ അല്പമൊരു കാലത്തിലാണ് ലിപിയുടെ രൂപത്തിൽ അപഭ്രംശം സംഭവിച്ചത്. ഭാഷ പരിപാലിക്കുന്നതിലും പ്രയോഗിക്കുന്നതിലും വ്യാപകമായ അവ്യവസ്ഥകളാണ് ഇക്കാലത്തുണ്ടായത്. ഇന്ത്യൻ ഭാഷകളിൽ തന്നെ സുഘടിതമായൊരു ലിപി സമ്പ്രദായം നിലവിലുണ്ടായിരുന്നു. മലയാളഭാഷ, വീണ്ടുവിചാരമില്ലാത്ത 'ലിപി പരിഷ്കരണം' മൂലം അപചയങ്ങളേയും സ്വത്വപ്രതിസന്ധികളേയും നേരിടുന്ന ഒരു കാലമാണിത്. മാതൃഭാഷയുടെ മരണം ഒഴിവാക്കാൻ നമുക്ക് ബാദ്ധ്യതയുണ്ട്.

ഭാഗ്യവശാൽ ഇന്ന് നമ്മുടെ മേശപ്പുറത്തിരിക്കുന്ന കമ്പ്യൂട്ടർ എന്ന യന്ത്രം ഉപയോഗിച്ച് ഭാഷ അഭിമുഖീകരിക്കുന്ന മരണകാരണങ്ങളെ മറികടക്കാൻ കഴിയും. ഭാഷാകമ്പ്യൂട്ടിംഗിന്റെ എല്ലാ മേഖലകളിലും തനതുലിപി ആവിഷ്ക്കരിക്കാൻ കഴിയും. അത് കമ്പ്യൂട്ടിംഗിനെ എളുപ്പമാക്കുക മാത്രമല്ല ഭാഷയുടെ നിലനില്പ് ഭദ്രമാക്കുകയും ചെയ്യും.

ഇന്നിപ്പോൾ വേഡ് പ്രോസസിംഗിൽ മാത്രം ഒതുങ്ങിനില്ക്കുന്ന രചനയുടെ പ്രധാന ലക്ഷ്യം ഡാറ്റാ ബേസ് മാനേജ്മെന്റിൽ നമ്മുടെ തനത് ലിപിയെ എങ്ങനെ പ്രാവർത്തികമാക്കാൻ കഴിയും എന്നതാണ്. എങ്കിൽ മാത്രമേ വിവരവ്യവസ്ഥാ നിർമ്മിതി (Information System Development)യിൽ നമ്മുടെ ഭാഷയ്ക്ക് സക്രിയമായി ഇടപെടാൻ കഴിയൂ.

1999ൽ മുന്നോട്ടുവെച്ച ഇത്തരം ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിൽ അഞ്ചുവർഷങ്ങൾക്കുശേഷം രചന ഏറെ മുന്നോട്ടുകൊണ്ടുപോയിരിക്കുന്നു. ഈ കാലയളവിൽ പ്രമുഖമായ പല മലയാള ഗ്രന്ഥങ്ങളും രചനയിലിറങ്ങി. ഇതിൽ പ്രധാനം യശഃശരീരനായ നിത്യചൈതന്യയതിയുടെ ബൃഹത്തായ ആത്മകഥയാണ് - യതിചരിതം.

അദ്ദേഹവും രചനയും തമ്മിലുള്ള ബന്ധം നിർവ്വിശേഷമായ ഒരു ആത്മബന്ധത്തിന്റേതാണ്. ലിപിയിലുണ്ടായ അപവക്രീകരണം ഭാഷയുടെ മാത്രമല്ല, നമ്മുടെ സംസ്കാരത്തിന്റെ തന്നെ അടിവേരുകളെ തകർക്കും എന്നു കണ്ടറിഞ്ഞ മലയാളത്തിലെ ഏക ചിന്തകൻ അദ്ദേഹം മാത്രമായിരുന്നു. ലിപി വിഷയത്തിൽ അദ്ദേഹം ആരുമറിയാതെ വലിയ ഗവേഷണങ്ങൾ നടത്തിയിരുന്നു. മരണത്തിന് ഒരു മാസം മുമ്പ് ചിത്രജനും ഞാനും അദ്ദേഹത്തെ കാണാനായി ഊട്ടിയിൽ ഫേൺ ഹില്ലിലുള്ള ആശ്രമത്തിൽ പോയി. ഈ വിഷയത്തിൽ ഞങ്ങൾ തമ്മിൽ കത്തിടപാടുകൾ ഉണ്ടായിരുന്നു. ഞങ്ങളെ കണ്ടപാടെ മറ്റു സന്ദർശകരെയും പതിവു

പ്രഭാഷണങ്ങളെയും ഒഴിവാക്കി ഞങ്ങളോടൊപ്പം മണിക്കൂറുകളോളമിരുന്നു. ലിപിയെക്കുറിച്ചുമാത്രം സംസാരിച്ചു. തളര്‍ന്ന് നിശ്ചേതനമായ കൈകളില്‍ പ്രയാസപ്പെട്ട് പേന പിടിച്ച് കടലാസ്സില്‍ മലയാള അക്ഷരങ്ങളെ കോറി അദ്ദേഹം ലിപിയ്ക്കുപിറകിലെ സാംസ്കാരിക മുദ്രകളെ പുറത്തുകൊണ്ടുവരാന്‍ യത്നിച്ചു. അദ്ദേഹം അന്ന് സമര്‍ത്ഥിക്കാന്‍ ശ്രമിച്ച ഒരു കാര്യം ഇതാണ്. ആശയങ്ങളെ ചിത്രരൂപത്തില്‍ പ്രകടിപ്പിക്കുന്ന ഭാഷയാണ് ചൈനീസ്. ചില ആശയങ്ങളെ ചൈനീസ് ലിപികളേക്കാളും സമര്‍ത്ഥമായി നമ്മുടെ അക്ഷരങ്ങള്‍ ദൃശ്യവത്ക്കരിക്കുന്നു.

തനതുലിപിയില്‍ രചനയിലടിച്ച അക്ഷരങ്ങള്‍ കണ്ട് അദ്ദേഹത്തിന്റെ കണ്ണുകള്‍ നിറഞ്ഞു. എന്റെ ആത്മാവോളം പ്രിയങ്കരമായ വിഷയമാണ് സുഹൃത്തുക്കള്‍ ഏറ്റെടുത്തിരിക്കുന്നത് എന്ന് പറഞ്ഞു.

രചനയെ കണ്ണടച്ചു പ്രോത്സാഹിപ്പിച്ച മറ്റൊരാള്‍ എസ്. ജയചന്ദ്രന്‍ നായരാണ്. കഴിഞ്ഞ നാലുവര്‍ഷമായി അദ്ദേഹം എഡിറ്റു ചെയ്യുന്ന 'സമകാലിക മലയാള വാരിക'യില്‍ അതിപ്രശസ്തമായ എം. കൃഷ്ണന്‍ നായരുടെ 'സാഹിത്യവാരഫലം' അച്ചടിക്കുന്നത് രചനയിലാണ്.
അച്ചടികൂടാതെ വിവരവ്യവസ്ഥാനിര്‍മ്മാണത്തിലും രചന ഇക്കാലയളവില്‍ ചില പ്രയത്നങ്ങള്‍ നടത്തുകയുണ്ടായി. അതില്‍ പ്രധാനം തലശ്ശേരി ബ്രണ്ണന്‍ കോളേജിലെ 22000 വരുന്ന മലയാള ഗ്രന്ഥങ്ങളുടെ ഒരു ഇലക്ട്രോണിക് ഗ്രന്ഥസൂചിയാണ്. മലയാളത്തിന്റെ തനതുലിപി ഉപയോഗിച്ച് ഉണ്ടാക്കിയിരിക്കുന്ന ഈ ഡിജിറ്റല്‍ കാറ്റലോഗ് തനതുലിപിയില്‍ തന്നെ വിവരാന്വേഷണവും നടത്താം.

ഇക്കാലയളവ്ില്‍ ലോകഭാഷാ സാങ്കേതികതയില്‍ വമ്പിച്ച മുന്നേറ്റങ്ങളുണ്ടായി. അതില് പ്രധാനം 'യൂണികോഡി'ന്റെ ഘടനയ്ക്ക് അനുസൃതമായ ഫോണ്ട് സംവിധാനം ഉണ്ടായതാണ്. ഓപ്പണ്‍ ടൈപ്പ് ഫോണ്ട് (ഛഠഎ : ഛുലി ൗ്യല എീി)േ എന്ന പേരിലറിയപ്പെടുന്ന ഈ സാങ്കേതികത മലയാളത്തിന് വേണ്ടിയുണ്ടായതാണോ എന്ന് ആഹ്ളാദിക്കത്തക്കവിധം അത്രയ്ക്ക് നമ്മുടെ ഭാഷയുടെ/ലിപിയുടെ അസാധാരണതകളെ കൈകാര്യം ചെയ്യാന്‍ പ്രാപ്തിയുള്ളതാണ്.
ട്രൂടൈപ്പ് (ൃൗല ്യുല) എന്ന പേരിലറിയപ്പെടുന്ന 256 കള്ളികളുള്ള അടഇകക സമ്പ്രദായത്തിലുള്ള ഫോണ്ട് സിസ്റ്റത്തേക്കാള്‍ ഛഠഎ ന് പല മേന്മകളും ഉണ്ട്.
ഏറ്റവും പ്രധാനം കള്ളികളുടെ എണ്ണത്തിലുള്ള ബാഹുല്യമാണ് - 65,000 ലേറെ കള്ളികള്‍. ഒരൊറ്റ ഫോണ്ടിലാണ് ഇത്രയുമെന്നോര്‍ക്കണം. നമ്മുടെ മലയാളത്തിന്റെ 1000 ഓളം വരുന്ന സാധ്യമായ എല്ലാ കൂട്ടക്ഷരങ്ങളും വേര്‍പിരിയാതെ നില്‍ക്കുന്ന സ്വരവ്യഞ്ജനങ്ങളുമൊക്കെ കൂട്ടിക്കിട്ടുന്ന അക്ഷരങ്ങളുടെ സമഗ്ര സഞ്ജയം ഓപ്പണ്‍ ടൈപ്പ് ഫോണ്ടിന്റെ ഒരു മൂലയ്ക്ക് ഒതുങ്ങാനുള്ളതേയുള്ളൂ! മലയാളത്തിന്റെ എല്ലാ അക്ഷരങ്ങളും ഉപയോഗിക്കാനിടവന്നാല്‍ അത് കമ്പ്യൂട്ടറിന്റെ 'മെമ്മറി'യില്‍ കൊള്ളില്ലെന്ന 1999-ലെ ഡോ. തമ്പാന്റെ (കേരള ഭാഷാ ഇന്‍സ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടര്‍) വാദവുമായി ഈ പുരോഗതിയെ തട്ടിച്ചുനോക്കുന്നത് ഇന്ന് രസാവഹമാണ്. ലോകത്തിലെ എല്ലാ എഴുത്തുഭാഷകളുടേയും ലിപികള്‍ ഒരൊറ്റ ഛഠഎ ഫോണ്ടില്‍ ഒതുങ്ങുമെന്നാണ് തോന്നുന്നത്.
ഛഠഎ ന്റെ മറ്റൊരു പ്രത്യേകത, ലോക ഭാഷകളുടെ ഒരു വേള്‍ഡ് കണ്‍സോര്‍ഷ്യം എന്ന നിലയ്ക്ക് ലോകത്തിലെ അറിയപ്പെടുന്ന ചെറുതും വലുതുമായ എല്ലാ ഭാഷകള്‍ക്കും നിശ്ചയിച്ചുറപ്പിച്ച 'കോഡ് പേജും' ഓരോ ഭാഷയിലേയും അടിസ്ഥാന അക്ഷരങ്ങള്‍ക്ക് (അഹ്ഫവമയല)േ നിശ്ചയിച്ചുറപ്പിച്ച കോഡ് പോയിന്‍റും (ഇീറല ജീശി)േ ബൃഹത്തായ ഒരു ഏകീകൃതവ്യവസ്ഥയ്ക്ക് വഴി തെളിയിച്ചിരിക്കുന്നു എന്നുള്ളതാണ്. യൂണികോഡ് മുറുകെ പിടിപ്പിക്കുന്ന ഡിജിറ്റല്‍ ആപ്ലിക്കേഷനുകള്‍ക്ക് പലതരം 'മാപ്പിങ്ങുകള്‍' ഇനിയുണ്ടാവുകയില്ല. മലയാളത്തില്‍ പ്രചാരത്തിലുള്ള ട്രൂ ടൈപ്പ് ഫോണ്ടുകളുടെ ഇടയില്‍ ഇപ്പോള്‍ ചുരുങ്ങിയത് 20 തരത്തിലുള്ള അടഇകക മാപ്പിങ്ങുകളെങ്കിലുമുണ്ട്.
അതുകൊണ്ട് കടങ 6 ആ ല്‍ അടിച്ച നിങ്ങളുടെ ലേഖനം 'ശ്രീ'ലിപിയില്‍ നിങ്ങള്‍ക്ക് വായിക്കാന്‍ പറ്റാത്ത തരത്തില്‍ 'മറുഭാഷ'യിലെഴുതിയ മറ്റൊന്നായി മാറുന്നു. യൂണിക്കോഡ് പിന്‍പറ്റുന്ന ഛഠഎ ല്‍ ഇതു സംഭവിക്കുന്നില്ല.
നിങ്ങള്‍ ഒരു 'പരിഷ്കരണ'വാദിയാണെന്നിരിക്കട്ടെ. തനതു ലിപി, അതായത് 'പഴയ' ലിപി നിങ്ങള്‍ക്ക് കണ്ടുകൂടാ. നിങ്ങള്‍ ഒരു മലയാളം വെബ്സൈറ്റിന് ജന്മം കൊടുക്കുന്നു. 'പുതിയ' ലിപിയുടെ ഛഠഎ ഉപയോഗിച്ചുണ്ടാക്കുന്ന ഈ വെബ്സൈറ്റില്‍ 'പഴയ' അക്ഷരങ്ങളെ നിങ്ങള്‍ അടുപ്പിച്ചിട്ടെയില്ല. ലോകത്തിന്റെ മറ്റൊരു തലയ്ക്കലിരുന്ന് ഒരു മലയാളി നിങ്ങളുടെ വെബ്സൈറ്റ് കാണാനിടവരുന്നു. അദ്ദേഹം സന്ദര്‍ഭവശാല്‍ പഴയ ലിപിയുടെ ആരാധകനാണ്. അദ്ദേഹത്തിന്റെ കമ്പ്യൂട്ടറിലാണെങ്കില്‍ പുതിയ ലിപിയെ അടുപ്പിച്ചിട്ടേയില്ല! രചനയുടെ ഛഠഎ ഫോണ്ടാണ് അദ്ദേഹത്തിന്റെ കമ്പ്യൂട്ടറില്‍ ഇന്‍സ്റ്റാള്‍ ചെയ്തിരിക്കുന്നത്.
അദ്ദേഹം ലോകത്തിന്റെ മറ്റേ അറ്റത്തിരുന്ന് നിങ്ങളുടെ വെബ്സൈറ്റിലൂടെ കണ്ണോടിക്കുന്നു. അദ്ദേഹം എളുപ്പത്തില്‍ വായിച്ചുപോകുന്നുണ്ട്. പക്ഷെ ഒരു കാര്യം മാത്രം അറിയുന്നില്ല. നിങ്ങള്‍ ഒരു 'പരിഷ്കാരി'യാണെന്നും നിങ്ങളുടെ വെബ്സൈറ്റ് പുതിയ ലിപി മാത്രം ഉപയോഗിച്ച് ഉണ്ടാക്കിയതാണെന്നും. കാരണം അദ്ദേഹത്തിന്റെ കമ്പ്യൂട്ടറില്‍ തെളിയുന്നത് എല്ലാം പഴയ അക്ഷരങ്ങളാണ്. രചനയിലാണ്!

ഇതാണ് യൂണിക്കോഡിന്റേയും ഛഠഎ ന്റേയും മാന്ത്രികത. അതുകൊണ്ട് രചനയുടെ വെബ്സൈറ്റ്, തികച്ചും തനതു ലിപിയിൽ തീർത്തത്, നമ്മുടെ 'പരിഷ്കാരി' സന്ദർശിക്കുമ്പോൾ എല്ലാം 'പുതിയ' ലിപിയായിത്തീരുന്നു.

ഒരേ അക്ഷരങ്ങൾ ഇങ്ങനെ പഴയതും പുതിയതുമായി സന്ദർഭത്തിനും അഭിരുചിക്കും അനുസരിച്ച് മാറാവുന്ന ഒരു ടെക്നോളജി സാദ്ധ്യമെങ്കിൽ, പിന്നെ തനതു ലിപിയ്ക്കുവേണ്ടി ഇത്രയ്ക്കെന്തിനാണ് വാശിപിടിക്കുന്നത് എന്ന് നിങ്ങൾ ചോദിച്ചേക്കാം.

ഭാഷയുടെ മർമ്മങ്ങളിലേക്കിറങ്ങിച്ചെല്ലുന്ന ഉത്തരങ്ങളാണ് ഇതിനുള്ളത്.

ഭാഷാശാസ്ത്രത്തിന്റെ സങ്കീർണ്ണതകളിലേക്കും ഭാഷാപ്രയോഗത്തിന്റെ നിഗൂഢതകളിലേക്കും വെളിച്ചം വീശുന്ന കൃത്യമായ ഉത്തരങ്ങൾ നല്കാൻ ഞാൻ പ്രാപ്തനല്ല. രചനയുടെ വെബ്സൈറ്റിൽ (ൃമരവമിമാമഹമ്യമഹമാ.ീൃഴ) ഇതിനൊക്കെ ചിത്രജനും ഗംഗാധരനും ചേർന്നെഴുതിയ തൃപ്തികരമായ ഉത്തരങ്ങൾ നിങ്ങൾക്കു ലഭിക്കും.

വളരെ ലളിതമായ ഒരു ഉത്തരം സോദാഹരണം എനിക്കു തരാൻ കഴിയും.

ഗ്ദ്രോ എന്ന അക്ഷരം നമുക്കെഴുതണമെന്നിരിക്കട്ടെ. തനതു ലിപിയിൽ ഇത് ഒരൊറ്റത്തരത്തിലെഴുതാൻ കഴിയൂ. മുകളിൽ പഴയതുപോലെ മാത്രം.

എന്നാൽ, പുതിയ ലിപിയിൽ നിങ്ങളിത് എങ്ങനെ എഴുതും?

ഇതിലേതാണ് ശരി? എല്ലാം ശരിയെന്നുണ്ടോ? അങ്ങനെയാകാൻ തരമില്ല. ഒരു അക്ഷരത്തെ പലതായി പല സന്ദർഭങ്ങളിൽ നിങ്ങൾ കമ്പ്യൂട്ടറിൽ അടിച്ചുകൊടുത്താൽ വിവരവ്യവസ്ഥാ നിർമ്മിതി അവതാളത്തിലാകും. നിങ്ങളന്വേഷിക്കുന്ന നിങ്ങൾക്ക് കിട്ടിയില്ലെന്നുവരാം. കാരണം, നിങ്ങളുടെ വിവരം കമ്പ്യൂട്ടറിനകത്ത് കിടക്കുന്ന അതേ രൂപത്തിലല്ല നിങ്ങൾ അന്വേഷിച്ചത്. (`ഗേ്ദ്ര്വാ' അസംഭവ്യമായ ഒരു അക്ഷരമാണെന്ന് നിങ്ങൾ കരുതുന്നുണ്ടാകാം. പക്ഷെ, `സേ്ന'യുടേയും `സേ്നാ'യുടേയും `സ്ത്രൂ'യുടേയുമൊക്കെ ഗതി/ഗതികേട് എന്താണ്?) ഒരക്ഷരം മാറിയാലസ് ലക്ഷം വിവരങ്ങൾ നിങ്ങൾക്ക് നഷ്ടപ്പെടാം. അത്രയ്ക്ക് ലോലമാണ് കമ്പ്യൂട്ടറിൽ ഉണ്ടാക്കിവെച്ചിരിക്കുന്ന വിവരവ്യവസ്ഥകൾ. ഭാഷയിലെ വാക്കുകളെടുത്ത് നിങ്ങൾക്ക് ഇഷ്ടംപോലെ കളിക്കാനും ഉപയോഗിക്കാനും അവിടെ സാദ്ധ്യമല്ല. ഭാഷ വലിയ ഒരു ഏകീകൃതവ്യവസ്ഥയാണ്. ആശയങ്ങളുടെയും ശബ്ദങ്ങളുടെയും കാര്യത്തിൽ വ്യതിയാനങ്ങൾ ഉണ്ടാകാം- പല ഡയലക്ടുകൾ. പക്ഷേ വാക്കുകളുടെ കാര്യത്തിൽ-ഒരു വാക്ക് രണ്ടുതരത്തിലെഴുതാൻ നിങ്ങൾക്ക് യാതൊരു അവകാശവുമില്ല. അങ്ങനെ നിങ്ങൾ തോന്നിയ പോലെ എഴുതുകയാണെങ്കിൽ എഴുത്തിന്റെ ലോകം അവിടംവെച്ചവസാനിക്കുകയാണ്. 'പരിഷ്കരിച്ച' ലിപി ഭാഷയിൽ കൊണ്ടുവന്ന ഏകപരിഷ്കാരം ഇങ്ങനെ തോന്നിയപോലെ എഴുതാൻ നിങ്ങൾക്കു കഴിയും എന്നുള്ള താണ്! ഇങ്ങനെ കുറച്ചുകാലം കൂടി തുടർന്നാൽ ആശയങ്ങൾ രേഖപ്പെടുത്താനും കൈമാറാനുമുള്ള വിശ്വാസ്യത നഷ്ടപ്പെട്ട് നമ്മുടെ ഭാഷ നിലനില്ക്കേണ്ട ആവശ്യം തന്നെ ഇല്ലാതായിത്തീരും. അതുകൊണ്ടാണ് പുതിയ ലിപി ഭാഷയെ കൊല്ലുന്നു എന്ന് രചന പറഞ്ഞത്. മലയാളം നിലനില്ക്കാൻ ഏകമാർഗ്ഗം തനതു ലിപിയിലേക്കുള്ള തിരിച്ചുപോക്കാണെന്ന് രചന പറഞ്ഞത് അതുകൊണ്ടാണ്. രചന വാദിച്ചതിന്റെ പൊരുൾ നമ്മുടെ ഭാഷാ ഇൻസ്റ്റിറ്റിയൂട്ടിനും അംഗീകൃത പണ്ഡിതർക്കും മനസ്സിലായില്ലെങ്കിലും യൂണിക്കോഡിനു മനസ്സിലായിട്ടുണ്ട്! മലയാളത്തിലെ പ്രതിഭാധനരായ എഴുത്തുകാർക്ക് മനസ്സിലായിട്ടുണ്ട്. എം. ടി. വാസുദേവൻ നായർ, വി.കെ.എൻ. ഒ.വി. വിജയൻ, എസ്. ഗുപ്തൻ നായർ, എം. എൻ. വിജയൻ, പന്മന രാമചന്ദ്രൻ, പുതുശ്ശേരി രാമചന്ദ്രൻ, എം. കെ. സാനു - ഈ നിര നീണ്ടതാണ്.

2005 രചനയെ സംബന്ധിച്ചിടത്തോളം, മലയാളഭാഷയെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട ഒരു വർഷമാണ്. ആധുനിക സാങ്കേതിക വളർച്ചക്കൊപ്പം നില്ക്കാൻ നമ്മുടെ ഭാഷയും ഭാഷാസാങ്കേതികതയും പ്രാപ്തി നേടാൻ പോകുന്നത് ഈ വർഷമാണ്.

മൈക്രോസോഫ്റ്റിന്റെ ണശിറീം െതജ യിൽ മലയാളം എംബെഡ്ഡിംഗ് സഫലമാകാൻ പോകുന്നത് രചനയുടെ ഓപ്പൺ ടൈപ്പ് ഫോണ്ടോടുകൂടിയാണ്. ഇതിന്റെ നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു. ഇപ്പോൾ ടെസ്റ്റിംഗ് പീരീഡ് ആണ്. മൈക്രോസോഫ്റ്റിന്റെ വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റത്തിൽ മലയാളം സന്നിവേശിപ്പിക്കാനായി അവർ തന്നെ രൂപകല്പന ചെയ്ത 'കാർത്തിക' എന്ന പുതിയ ലിപിയിലെ ഛഠഎ ഫോണ്ട് പരാജയപ്പെട്ടിടത്താണ് രചന വിജയിച്ചിരിക്കുന്നത്.

മറ്റൊന്ന്, ഭാവിയിലെ ഓപ്പറേറ്റിംഗ് സിസ്റ്റം എന്ന് IT വിദഗ്ദരൊക്കെ കരുതുന്ന ലിനക്സിൽ രചനയുടെ പരിശ്രമഫലമായി മലയാളം എംബെഡ്ഡിംഗ് സാദ്ധ്യമാകുന്നു എന്നതാണ്. വിൻഡോസിൽ സാദ്ധ്യമാകുന്നതിനേക്കാൾ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് മലയാളം ലിനക്സ്. കാരണം, ലിനക്സ് ഒരു ഓപ്പൺ ഓപ്പറേറ്റിംഗ് സിസ്റ്റമാണ്. അതായത് എല്ലാ അർത്ഥത്തിലും സ്വതന്ത്ര സോഫ്റ്റ്വെയർ. ഭാഷയുടെ കമ്പ്യൂട്ടിങ്ങിൽ രചന ഒരു അബദ്ധം കാണിച്ചാൽ നിങ്ങൾക്കു ചൂണ്ടിക്കാട്ടാനും നിങ്ങൾക്കുതന്നെ തിരുത്താനുമുള്ള സ്വാതന്ത്ര്യമുണ്ട്. വിൻഡോസിൽ നിങ്ങൾക്കത് സാദ്ധ്യമല്ല. മൈക്രോസോഫ്റ്റിന്റെ തെറ്റായ ഒരു തീരുമാനം നമ്മുടെ ഭാഷയ്ക്ക് വൈതരണികളും അബദ്ധങ്ങളും ഉണ്ടാക്കിയേക്കാം. മലയാള ലിപിയുടെ കാര്യത്തിൽ മൈക്രോസോഫ്റ്റ് എത്രമാത്രം സത്യസന്ധരാണ് എന്നുള്ള കാര്യത്തിൽ രചനയ്ക്ക് സംശയമുണ്ട്. അവരിറക്കിയ 'കാർത്തിക' ഛഠഎ ൽ 'ള്'യുടെ അടിയിൽ 'ഖ്'കാരം വരുന്ന ഒരക്ഷരമുണ്ട്! ഈയൊരു ഫോണ്ടിനെ ഒരു മലയാളിക്ക്, അയാൾ അച്ചടിക്കാരനോ, IT വിദഗ്ധനോ ആകാം, എങ്ങനെ സ്വീകരിക്കാൻ കഴിയും?

പക്ഷെ, മൈക്രോസോഫ്റ്റ് ഇന്ത്യൻ ഭാഷയുടെ ഛഠഎ നിർമ്മിതിക്കാവശ്യമായ വലിയ ഗവേഷണങ്ങൾ ചെയ്തിട്ടുണ്ട്. ഛഠഎ ന്റെ ഘടന ഉണ്ടാക്കിയിരിക്കുന്നതുതന്നെ മൈക്രോസോഫ്റ്റും അഡോബും കൂടിച്ചേർന്നാണ്.

രചന ഛഠഎ ന്റെ ലിനക്സിലെ എംബെഡിംഗ് ഇന്ത്യൻ ഭാഷകളിലെതന്നെ സ്വതന്ത്രസോഫ്റ്റ് വെയർ പ്രസ്ഥാനത്തിന് ഒരു മുതൽക്കൂട്ടായിരിക്കും. ലിനക്സ് പ്രോഗ്രാമിംഗിന്റെ ചുക്കാൻ പിടിക്കുന്നത് രാജീവ് ജെ. സെബാസ്റ്റ്യൻ എന്ന, കഴിഞ്ഞ വർഷം കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നിന്ന് പഠിച്ചിറങ്ങിയ ഒരു ബി.ടെക് കാരൻ ആണ്. അദ്ദേഹം ലിനക്സിലെ ഒരു പ്രതിഭയാണ്. കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ IT വിദ്യാർത്ഥികളായ അൻവറും, അനിവറും ഒക്കെ അടങ്ങുന്ന ലിനക്സ് പ്രണയികൾ മുൻകൈ എടുത്ത് 2004 ൽ റിച്ചാർഡ് സ്റ്റാൾമാൻ പങ്കെടുത്ത ഒരു മഹാസമ്മേളനത്തിൽ രചനയുടെ അക്ഷര സഞ്ചയം ഏചഡഏ്വജഘ (ജനറൽ പബ്ലിക് ലൈസൻസ് ആയ) ലോകത്തിന് സമർപ്പിക്കുകയുണ്ടായി. രചനയുടെ ഭാഷാഗവേഷണവും ഛഠഎ ഫോണ്ടും ലിനക്സും കൂടിച്ചേരുമ്പോൾ ഉടലെടുക്കുന്ന, അടുത്തുതന്നെ ഇറങ്ങാൻ പോകുന്ന രചന മലയാളം ലിനക്സ് ഡിസ്ട്രിബ്യൂഷൻ (ഞമരവമിമ ങമഹമ്യമഹമാ ഘശിൌഃ ഉശേൈൃശ്യൗശേീി) ഇന്ത്യൻ ഭാഷാ കംപ്യൂട്ടിംഗിലെ ഒരപൂർവ്വ സംഭവമായിരിക്കും, മലയാള ഭാഷാചരിത്രത്തിലെ ഒരു നാഴിക കല്ലായിരിക്കും.

പുതിയ ലിപിയിലൂടെ മലയാളത്തിനു നഷ്ടപ്പെട്ടുപോയ ഭാഷാസാങ്കേതികതയുടെ ഔന്നത്യങ്ങൾ അങ്ങനെ തനതു ലിപിയിലൂടെ മാതൃഭാഷയ്ക്ക് കൈവരികയാണ്. കേരളക്കരയിൽ കമ്പ്യൂട്ടർ യഥാർത്ഥ വിവരസാങ്കേതികവിദ്യ (കിളീൃാമശേീി ഠലരവിീഹീഴ്യ) യായി മാറുകയാണ്. ഭാഷയും കഠയും നേരിട്ട വലിയൊരു സന്നിഗ്ധാവസ്ഥയിൽ നിന്നും മോചനം നേടാനും ശരിയായ ദിഗ്ബോധം വീണ്ടെടുക്കാനും മാർഗ്ഗദർശനം നല്കി എന്നതാണ് രചനയുടെ ചരിത്രപരമായ പ്രസക്തി.

അനുബന്ധം 1

(1999 ജൂലൈ 7ന് തിരുവനന്തപുരത്തെ വി.ജെ.ടി ഹാളിൽ രചനയുടെ സമർപ്പണത്തോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച ലഘുലേഖയിൽ നിന്ന്)രചന

മലയാളഭാഷയുടെ ലിപി പരിഷ്ക്കരണവും മാനകീകരണവും ഇന്ന് വലിയ ചർച്ചാവിഷയമായിരിക്കുകയാണ്. മലയാളത്തെ ഭരണഭാഷയാക്കുക എന്ന ഉദ്ദേശ്യത്തോടെ മലയാളം ടൈപ്പ്റൈറ്റർ ആവിഷ്ക്കരിച്ചപ്പോൾ അതിനുവേണ്ടി 1968-ൽ ലിപിവിന്യാസത്തെ പരിഷ്ക്കരിക്കുകയുണ്ടായി. കൂട്ടക്ഷരങ്ങളെ ചന്ദ്രക്കലയിട്ടു പിരിച്ചും പുതിയ സ്വരചിഹ്നങ്ങൾ ഉപയോഗിച്ചുമുള്ള ഈ വിന്യാസഘടന എഴുത്തിലും അച്ചടിയിലും വ്യാപകമായ അവ്യവസ്ഥയ്ക്കു വഴിയൊരുക്കി. ചതുരവടിവു മാറ്റി വട്ടവടിവു സ്വീകരിച്ചും ആവശ്യമായ എല്ലാ കൂട്ടക്ഷരങ്ങളും നിർമ്മിച്ചും സ്വരചിഹ്നങ്ങളെ സംബന്ധിച്ച ദേശീയമായ കാഴ്ചപ്പാടു സ്വീകരിച്ചും, ബെഞ്ചമിൻ ബെയ്‌ലി നടത്തിയ ലിപി പരിഷ്ക്കരണം അംഗീകരിക്കപ്പെടുകയും ഒരു നൂറ്റാണ്ട് നിലനില്ക്കുകയും ചെയ്തപ്പോൾ, പുതിയ പരിഷ്ക്കാരം എതിർപ്പിനും അവ്യവസ്ഥയ്ക്കും കാരണമായി. ആദ്യത്തേത് ഭാഷയ്ക്കുവേണ്ടി യന്ത്രത്തെ ഉപയോഗപ്പെടുത്തിയപ്പോഴും, രണ്ടാമത്തേത് യന്ത്രത്തിനുവേണ്ടി ഭാഷയെ വികലമാക്കിയപ്പോഴുമാണ് ഇങ്ങനെ സംഭവിച്ചത്.

ഇന്ന് കമ്പ്യൂട്ടർ ഉപയോഗിച്ചുള്ള ടൈപ്പ്സെറ്റിങ്ങ് സാർവ്വത്രികമായതോടെ ലിപികളുടേയും ചിഹ്നങ്ങളുടെയും എണ്ണം ഒരു പ്രശ്നമല്ലാതായിക്കഴിഞ്ഞു. പക്ഷേ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് മുൻകൈയെടുത്തു ഭാഷാ മാനകീകരണത്തിന്റെ പേരിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ ലിപി പരിഷ്ക്കരണം ഭാഷയുടെ സ്വത്വസൗന്ദര്യങ്ങളെ ഹനിക്കുന്ന പരിഷ്ക്കരണത്തിനുവേണ്ടിയുള്ള പരിഷ്ക്കരണമാണ്. മിക്കവാറും കൂട്ടക്ഷരങ്ങളെ ചന്ദ്രക്കലയിട്ടു പിരിച്ചെഴുതിയും ര, റ എന്നിവയുടെ ചിഹ്നത്തെയും ഋ എന്ന അക്ഷരത്തെത്തന്നേയും ഉപേക്ഷിച്ചും നടത്താനുദ്ദേശിക്കുന്ന ഈ പരീക്ഷണം ഇതിനകം തന്നെ വളരെ വിവാദമായിക്കഴിഞ്ഞിരിക്കുന്നു.

വായനയ്ക്ക് ഇടർച്ച വരാത്തതും എളുപ്പം എഴുതാൻ കഴിയുന്നതും അച്ചടിയിൽ സ്ഥലസമയങ്ങൾ ലാഭിക്കുന്നതുമായ കൂട്ടക്ഷരങ്ങൾ മലയാളത്തിന്റെ സ്വത്തും അനുഗ്രഹവുമാണ്. നിയതമായ ചില വ്യവസ്ഥകളും രീതികളുമനുസരിച്ചു രൂപപ്പെടുന്ന കൂട്ടക്ഷരങ്ങൾ എഴുതിപ്പഠിക്കാൻ മലയാളികൾക്കു ബുദ്ധിമുട്ടാണെന്ന വാദം ചരിത്രത്തിനോ അനുഭവത്തിനോ നിരക്കുന്നതല്ല.

സ്വരചിഹ്നങ്ങളിൽ ഉ, ഊ, ഋ എന്നിവയ്ക്ക്, പഴയ ലിപിയിലുണ്ടായിരുന്ന വ്യഞ്ജനത്തോടു ചേർന്ന രൂപങ്ങൾ തന്നെയാണ് എഴുത്തിനും അച്ചടിക്കും സൗകര്യമായിട്ടുള്ളത്. ഋ, .. എന്നിവപോലും അച്ചടിയിൽ ഇന്ന് വിഷമങ്ങൾ സൃഷ്ടിക്കാത്തതിനാൽ സ്വീകരിക്കാൻ വിഷമമില്ല.

ര, റ, ഋ എന്നിവയുടെ ചിഹ്നങ്ങൾ ഉപേക്ഷിച്ച് ക്റ്ത്റിമം, ശ്റീക്റ്ഷ്ണൻ, യേശുക്റിസ്തു എന്നിങ്ങനെ എഴുതണമെന്ന പുതിയ നിർദ്ദേശം മലയാളികളുടെ സംവേദനത്തിന്

ഒട്ടും നിരക്കുന്നതല്ല.
ഒരു ഭാഷയുടെ എല്ലാ സാദ്ധ്യതകളെയും പ്രകാശിപ്പിക്കാൻ ഉതകുമ്പോഴാണ് അതിന്റെ ലിപിവ്യവസ്ഥ സമ്പൂർണ്ണമാകുന്നത്. നൂറ്റാണ്ടുകളിലൂടെ രൂപപ്പെട്ട മലയാള ലിപി സമുച്ചയം ഈ നൂറ്റാണ്ടിലെത്തുമ്പോഴേക്കും കൂട്ടക്ഷരങ്ങൾക്കും സ്വരചിഹ്നങ്ങൾക്കും നിയതമായ വ്യവസ്ഥകളുണ്ടാക്കിക്കൊണ്ട് സംതൃപ്തമായ സ്വയംപര്യാപ്തത കൈവരിച്ചു. ഈ ലിപി വ്യവസ്ഥയെ സംരക്ഷിച്ച് എഴുത്തിലും അച്ചടിയിലും ഒരുപോലെ ഉപയോഗിക്കുകയാണ് ഇന്ന് ആവശ്യം. ഇതിന് സഹായകമായ സാങ്കേതികവിദ്യ ഇന്ന് ലഭ്യമാണ്.
ലിപിയെ സംബന്ധിച്ച സൗന്ദര്യബോധം എല്ലാ ജനതകൾക്കുമുണ്ടായിരുന്നു. ജ്യാമിതീയമായ ഒന്നല്ല ലിപിയുടെ സൗന്ദര്യം. അത് ഒരു സംസ്കാരചിഹ്നമാണ്. ചില സ്വേച്ഛാധിപതികൾ പൊതുലിപി അടിച്ചേല്പിക്കാൻ നടത്തിയ ശ്രമങ്ങൾക്കു സാംസ്കാരികവും രാഷ്ട്രീയവുമായ വലിയ തിരിച്ചടികൾ ഉണ്ടായിട്ടുണ്ട്. ഭാഷയും എഴുത്തും ജനങ്ങളുടെ നിരന്തരോപയോഗത്തിലൂടെ രൂപപ്പെടുന്നതാണ്. അവയ്ക്ക് കാലാകാലങ്ങളിൽ കൃത്രിമമായ വ്യവസ്ഥകൾ അടിച്ചേല്പിക്കാൻ സാദ്ധ്യമല്ല.
മലയാള ഭാഷയ്ക്കു സ്വന്തമായുള്ള എല്ലാ ലിപികളും വീണ്ടെടുത്തും സംരക്ഷിച്ചും കൊണ്ടാണ് രചന എന്ന പേരിൽ ഈ ലിപി സഞ്ചയം രൂപപ്പെടുത്തിയിരിക്കുന്നത്. അച്ചടിക്കാവശ്യമായ ലിപി രൂപ മാതൃകകൾ കമ്പ്യൂട്ടറിലൂടെ പുനഃസൃഷ്ടിച്ചു മലയാളഭാഷയുടെ സമഗ്രമായ ലിപിസഞ്ചയം ഉൾക്കൊള്ളുന്ന സോഫ്റ്റ് വെയർ തയ്യാറായിക്കഴിഞ്ഞു.
ആർ. ചിത്രജകുമാർ, കെ. എച്ച്. ഹുസൈൻ, സുബാഷ് കുര്യാക്കോസ്, എൻ. ഗംഗാധരൻ എന്നിവർ ചേർന്നാണ് ഈ ലിപി സഞ്ചയത്തിനു രൂപം നല്കിയിരിക്കുന്നത്. ഈ സംരംഭത്തെ പരീക്ഷിച്ചു സ്വീകരിക്കാൻ ഞങ്ങൾ അഭ്യർത്ഥിക്കുന്നു.
രചനയുടെ പ്രവർത്തകർ
ആർ. ചിത്രജകുമാർ, എൻ. ഗംഗാധരൻ (മലയാളം ലെക്സിക്കൺ വകുപ്പ്), കെ. എച്ച്. ഹുസൈൻ, സുബാഷ് കുര്യാക്കോസ് (കെ.എഫ്.ആർ.ഐ. - പീച്ചി)

അനുബന്ധം - 2 (രചനയുടെ ലഘുലേഖയിൽ നിന്ന്)
മലയാളത്തിലെ ലിപി പരിഷ്ക്കരണങ്ങൾ
ആർ. ചിത്രജകുമാർ
മലയാളം ഭരണഭാഷയാക്കുന്നതിന്റെ ഭാഗമായി മലയാളം ടൈപ്പ്റൈറ്റർ ആവിഷ്ക്കരിച്ചപ്പോൾ അതിന്റെ കീബോർഡിൽ ഉൾക്കൊള്ളിക്കാൻ വേണ്ടി 1968ൽ ആണ് മലയാള ലിപി പരിഷ്ക്കരിച്ചത്. ആ പരിഷ്ക്കരണത്തിന്റെ സ്വഭാവങ്ങൾ ഇവയാണ്.
*അക്ഷരത്തോടു ചേർത്തു പ്രയോഗിക്കുന്ന സ്വരചിഹ്നങ്ങളെ പ്രത്യേകമാക്കി. ഉ, ഊ, ഋ എന്നീ സ്വരങ്ങളുടെ ചിഹ്നങ്ങൾ പുതുതായി ഉണ്ടാക്കി.
ഉദാ:- ... - കു
... - തൂ
... - വൃ
*ര, റ എന്നിവ അക്ഷരങ്ങളോടു ചേർത്തു കൂട്ടക്ഷരമുണ്ടാക്കുന്ന ചിഹ്നത്തെ പ്രത്യേകമാക്കി.
ഉദാ:- ... - ക്ര
കൂട്ടക്ഷരങ്ങളെ ചന്ദ്രക്കലയിട്ടു പിരിച്ചെഴുതണമെന്നു നിർദ്ദേശിച്ചു.
ഉദാ:- ക്ത - ക്ത
ന്ഥ - ന്ഥ
ണ്ട - ണ്ട
ഇതിൽ ഇരട്ടിപ്പുവരുന്ന അക്ഷരങ്ങളെ മാത്രം (ഉദാ: ട്ട, പ്പ) ടൈപ്പ്റൈറ്റർ ഒഴിച്ചുള്ള അച്ചടിയിൽ നിന്നും ഒഴിവാക്കി.
പരിഷ്ക്കരിച്ച ഈ ലിപിവ്യവസ്ഥ പാഠപുസ്തകങ്ങൾ വഴി പ്രചരിച്ചപ്പോൾ എഴുത്തിനും വിദ്യാർത്ഥികൾ അത് ഉപയോഗിച്ച്. അച്ചടിയിൽ പഴയതും പുതിയതുമായ രണ്ടു ലിപികൾ ഉപയോഗിക്കാൻ തുടങ്ങി. ഉച്ചരിക്കുമ്പോലെ എഴുതുകയും എഴുതുമ്പോലെ അച്ചടിക്കുകയും ചെയ്യുന്ന വ്യവസ്ഥയുള്ള മലയാളത്തിൽ ഇതു വലിയ അവ്യവസ്ഥയ്ക്കു വഴിയൊരുക്കുകയും കൂട്ടക്ഷരങ്ങളെയും സ്വരചിഹ്നങ്ങളെയും കുറിച്ചു മലയാളികൾക്കു സ്വതഃസിദ്ധമായുണ്ടായിരുന്ന ബോധത്തെ നശിപ്പിക്കുകയും ചെയ്തു.
കമ്പ്യൂട്ടർ ഉപയോഗിച്ചുള്ള അച്ചടി നിലവിൽ വന്നതോടെ പ്രശ്നം ഒന്നുകൂടി സങ്കീർണ്ണമായി. കൂടുതൽ പ്രചാരമുള്ള കൂട്ടക്ഷരങ്ങൾ ഡി.ടി.പി. പാക്കേജുകളിൽ പ്രത്യക്ഷപ്പെട്ടു.
ഉദാ :- സ്ഥ, ക്ഷ, ന്ദ
വായനയ്ക്കുള്ള എളുപ്പം, സ്ഥലലാഭം, വടിവ് എന്നിവ പരിഗണിച്ച് പത്രങ്ങളും മുന്തിയ പ്രസാധകരും പരമാവധി കൂട്ടക്ഷരങ്ങൾ ഉൾക്കൊള്ളിക്കുന്ന പ്രവണത തന്നെ പരിഷ്ക്കാരത്തിന്റെ അടിസ്ഥാനത്തെ ചോദ്യം ചെയ്യുന്ന ഒരു വസ്തുതയാണ്.

ഈ അവസരത്തിൽ മാനകീകരണത്തിന്റെ മറവിൽ കുറേക്കൂടി കൂട്ടക്ഷരങ്ങളെ വെട്ടിമുറിച്ചും
പരശ്ശതം പദങ്ങളിൽ പ്രയോഗിക്കുന്ന ഋ എന്ന അക്ഷരം ഉപേക്ഷിച്ചും ഋ എന്നിവയ്ക്ക് പ,
ക, ശ, ര, റ എന്നിവ നിർദ്ദേശിച്ചും മറ്റും പ്രശ്നത്തെ കുറേക്കൂടി
സങ്കീർണ്ണമാക്കുന്ന ഭാഷാ ഇൻസ്റ്റിറ്റിയൂട്ട് കമ്മിറ്റി നിർദ്ദേശവും
(മലയാളത്തനിമ, 1998) പുറത്തുവന്നിരിക്കുന്നു.
ഉദാ:-ശ്രീകൃഷ്ണൻ -ശ്റീക്റ്ഷ്ണൻ
കൃത്രിമം-ക്റ്ത്റിമം
ഉയർന്നു-ഉയർന്ന
നന്മ-നൻമ
കമ്പ്യൂട്ടറുകളുടെ വരവോടെ ടൈപ്റൈറ്റർ അപ്രസക്തമാകുകയും അച്ചുകളുടെ എണ്ണം ഒരു
പ്രശ്നമല്ലാതാവുകയും ചെയ്ത ഇന്ന് ഈ ലിപി പരിഷ്ക്കാരങ്ങൾക്കു യാതൊരു
പ്രസക്തിയുമില്ലാതായിരിക്കുന്നു. ഇങ്ങനെ അക്ഷരങ്ങളെ പൊളിച്ചു കഷണിക്കുന്നതു ശരിയല്ല
എന്നു വിചാരിക്കുന്നവരാണ് ബഹുഭൂരിപക്ഷം മലയാളികളും എന്നു ഞങ്ങൾ
മനസ്സിലാക്കുന്നു. അതുപോലെ എഴുതാനും വായിക്കാനും ബുദ്ധിമുട്ടുണ്ടാക്കുന്ന പുതിയ
സ്വരചിഹ്നങ്ങളും മലയാളിക്ക് പഥ്യമല്ല.
ഈ സാഹചര്യത്തിലാണ് 1968നു മുമ്പു പ്രചാരത്തിലിരുന്ന ലിപിസഞ്ചയം അതിന്റെ എല്ലാ
പ്രയോഗസാദ്ധ്യതകളോടും കൂടി കമ്പ്യൂട്ടറിലൂടെ പുനഃപ്രകാശിപ്പിക്കാനുള്ള യജ്ഞം
ഞങ്ങൾ ഏറ്റെടുത്തത് 68നു മുമ്പു നിലവിലിരുന്നതും അച്ചടിയിൽ പ്രചാരം
കുറഞ്ഞുപോയെങ്കിലും ബഹുഭൂരിപക്ഷം മലയാളികൾ എഴുതുന്നതുമായ എല്ലാ ചിഹ്നങ്ങളും
കൂട്ടക്ഷരങ്ങളും ചേർന്നതാണ് ഈ ലിപിസഞ്ചയം രചന എന്നാണ് ഈ സംരംഭത്തിനു പേരു
നല്കിയിരിക്കുന്നത്.
ഈ പുതിയ പ്രോഗ്രാം ഉപയോഗിച്ചു മലയാളം അച്ചടിക്കുമ്പോഴുണ്ടാവുന്ന ഗുണങ്ങൾ:-
- സ്ഥലലാഭം (ഉദാ:- ഉ, ഊ, ഋ, ര, റ എന്നിവയുടെ ചിഹ്നങ്ങൾ അക്ഷരത്തോടു ചേർന്നു
വരുന്ന കൂട്ടക്ഷരങ്ങൾ പിരിച്ചെഴുതുന്നില്ല)
- വായിക്കാനുള്ള സൗകര്യം (പിരിച്ചെഴുതുമ്പോഴുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കാം.
ഉദാ:- കാർത്സ്ന്യം -കാർത്സ്ന്യം
-ലിപികളും ചിഹ്നങ്ങളും തിരിച്ചറിയാനുള്ള എളുപ്പം (വിദ്യാർത്ഥികൾക്കും പ്രൂഫ്
വായിക്കുന്നവർക്കുപോലും ്യ, ൃ, ു, ൂ എന്നിവ വിഷമമുണ്ടാക്കുന്നു)
-എഴുത്തിന്റെയും അച്ചടിയുടെയും സൗന്ദര്യം.
-നമ്മുടെ ലിപിവ്യവസ്ഥയിൽ ചിരപ്രതിഷ്ഠ നേടിയ ഏതു ലിപിരൂപവും ഈ സഞ്ചയത്തിലുണ്ട്.
ഇഷ്ടാനുസരണം എടുത്ത് ഉപയോഗിക്കാം.
മറ്റുചില സവിശേഷതകൾ:-
-മലയാളത്തിൽ സാധ്യമാകുന്ന എല്ലാ കൂട്ടക്ഷരങ്ങളും ഉപയോഗിക്കുന്നു.
ഉദാ :- ക്ത, ..., സ്റ്റ, ..., ..., ..., ..., ...
-ു (ഉ), ൂ (ഊ), ൃ (ഋ), (്ര, റ) എന്നീ ചിഹ്നങ്ങൾക്കു പകരം അക്ഷരത്തോടു ചേർന്ന
ചിഹ്നങ്ങൾ ഉപയോഗിക്കുന്നു.
ഉദാ:- ...................
...............
.............
-കൂട്ടക്ഷരങ്ങളോടു ചേർത്തും ഈ ചിഹ്നങ്ങൾ ഉപയോഗിയ്ക്കുന്നു.
ഉദാ:- ക്കു, സ്ഥ, സ്ക്ര, ത്രു
യന്ത്രത്തിനുവേണ്ടി ഭാഷയെ വികലമാക്കുകയല്ല, ഭാഷയ്ക്കുവേണ്ടി യന്ത്രത്തെ
ഉപയോഗിക്കുകയാണ് വേണ്ടത് എന്ന കാഴ്ചപ്പാടാണ് ഞങ്ങൾക്കുള്ളത്.
നൂറ്റാണ്ടുകളായി ഒരു ജനത വികസിപ്പിച്ചെടുത്ത ഭാഷയുടെ സ്വത്വസൗന്ദര്യങ്ങൾ
യന്ത്രത്തിലൂടെ പുനഃസൃഷ്ടിക്കാനാണ് രചന ശ്രമിക്കുന്നത്.

അനുബന്ധം 3
രചനയുടെ പരിശ്രമങ്ങൾ അറിഞ്ഞപ്പോൾ
(രചന ലഘുലേഖയിൽ നിന്നും ദിനപത്രങ്ങളിൽ നിന്നും)
പുതിയ ലിപി എത്ര അന്യമാണ്, വിചിത്രമാണ്..... ഒരു ഭാഷയെ കൊല്ലാനുള്ള എളുപ്പവഴി
ലിപി മാറ്റമാണ്.
- എം. ടി. വാസുദേവൻ നായർ
ഭീംജി രൗദ്രഭീമന്റെ വേഷത്തിൽ വന്ന് ദുശ്ശാസനന്റെ വയറു കീറി കുടൽമാലയെടുത്ത്
രക്തരൂക്ഷിതമായ കൈകൾകൊണ്ട് പാഞ്ചാലിയുടെ മുടികെട്ടും. അന്നേരം പരിഷ്കാരി
പുതിയ ലിപിയിൽ മുടി ബോബ് ചെയ്ത് തുമ്പില്ലാതാക്കും.
- വി.കെ.എൻ.
ഇനി വരാനിരിക്കുന്ന തലമുറയിലെ നമ്മുടെ കുട്ടികളെ ഓർത്തെങ്കിലും നാം ലിപി
പരിഷ്കരണത്തിൽ നിന്നും പിൻമടങ്ങണം.
- ഒ. വി. വിജയൻ

എണ്ണം കുറയ്ക്കുകയല്ല, സൗകുമാര്യവും അനുരഞ്ജനയും ആഭിമുഖ്യവും
വർദ്ധിപ്പിക്കുകയാണ് പരിഷ്ക്കരണങ്ങൾ കൊണ്ടുണ്ടാവേണ്ടത്. ലിപിയെ
തൊട്ടുകളിക്കുമ്പോൾ ചിരപുരാതനമായ ഒരു സംസ്കാരത്തെയാണ് തൊടുന്നതെന്ന വസ്തുത
വിസ്മരിക്കരുത്.
- ഡോ. പുതുശ്ശേരി രാമചന്ദ്രൻ
രചന മാറ്റത്തിനു വേണ്ടി മാറ്റമോ പരിഷ്കാരമോ നിർദ്ദേശിക്കുന്നില്ല. നവതത്വങ്ങൾ
അവതരിപ്പിക്കുന്നുമില്ല. എന്നാൽ ലിപിയുടെ എണ്ണം കുറയ്ക്കുക എന്ന പഴയ സിദ്ധാന്തം
തിരസ്ക്കരിക്കുന്നു. അതിലൂടെ ചോർന്നുപോയ ലിപിസൗന്ദര്യത്തേയും സൗകുമാര്യത്തേയും
വീണ്ടെടുക്കാൻ ശ്രമിക്കുന്നു.
- കെ. എം. ഗോവി
അച്ചു കൂടക്കാർക്കു വേണ്ടി കെട്ടും കുടുക്കുമൊക്കെ അഴിഞ്ഞ് ചേരപ്പാമ്പിനെപ്പോലെ
നീണ്ട്, ഇഴഞ്ഞുപോകാനിടയുള്ള മലയാള ലിപിവിന്യാസത്തിന്റെ ഒരു സാമ്പിളാണ് മീതെ
ചേർത്തിരിക്കുന്നത്.
- സഞ്ജയൻ, 1938
ഒറ്റയ്ക്കൊറ്റയ്ക്കു നില്ക്കുന്ന ശബ്ദങ്ങളെ അതിന്റെ അണുവസ്തിത്വത്തിൽ നിന്ന്
കൂട്ടുകുടുംബത്തിലേക്ക് കൊണ്ടുവന്ന് ഒരുമിപ്പിക്കുന്നതുപോലെയാണ്
കൂട്ടക്ഷരങ്ങളുടെ രൂപം. സംസ്ക്കാരത്തിന്റെ ചിഹ്നങ്ങൾ ഒന്നായ ലിപിയിൽ
അടങ്ങിയിട്ടുള്ള സത്ത അതിന്റെ ആകൃതിയിലും വിന്യാസക്രമത്തിലും അന്തർലീനമായി
അനുഭവപ്പെടുന്ന ലാവണ്യമാണ്. നിർബന്ധ ലിപിമാറ്റം നിർബന്ധ സംസ്കൃതി മാറ്റമായേ
മറ്റുരാജ്യങ്ങൾ കണക്കാക്കാറുള്ളൂ.
- വിജയകുമാർ മേനോൻ
ഏതു ഭാഷയിലും ലിപിവ്യവസ്ഥ കൂടെക്കൂടെ പരിഷ്ക്കരിച്ചുകൂടാ. എന്നാൽ,
ടൈപ്പ്റൈറ്ററിനു സൗകര്യം കിട്ടും വിധം ലിപി പരിഷ്കരിച്ചാൽ ആധുനിക
ശാസ്ത്രോചിതമായ വമ്പിച്ച നേട്ടമാവും എന്ന ഹ്രസ്വവീക്ഷണം മലയാള ലിപിവ്യവസ്ഥയെ
മുഴുവൻ താറുമാറാക്കി. മലയാള ഭാഷയുടെ കയ്യെഴുത്തുരീതി എത്ര മനോഹരമായിരുന്നു!
അതുതന്നെയായിരുന്നു അച്ചടിയിലേയും ലിപി വ്യവസ്ഥ.
- പ്രൊ. പന്മന രാമചന്ദ്രൻ നായർ
ഇത്തരം അവസ്ഥക്കും അരാജകത്വത്തിനും നടുക്ക് ആശ്വാസത്തിന്റെ വാഗ്ദാനം എന്ന
നിലയിൽ രചനയുടെ യത്നത്തെ വരവേല്ക്കാൻ സന്തോഷമുണ്ട്. ശീലങ്ങളെ
അട്ടിമറിക്കാതെതന്നെ, നവീന സാങ്കേതികവിദ്യയുടെ അനുഗ്രഹത്തെ നമ്മുടെ
ലിപിരൂപത്തിലേക്കു ലയിപ്പിച്ചെടുക്കാൻ രചന ശ്രദ്ധിക്കുന്നു.
- കെ. പി. ശങ്കരൻ
ശുദ്ധയാന്ത്രികയുഗത്തിലെ ടൈപ്പ്റൈറ്റർ യന്ത്രങ്ങൾ പഴയകാലത്തിന്റെ ഓർമ്മകളായി
കാഴ്ചബംഗ്ലാവുകളിൽ അവശേഷിക്കാൻ ഇനി ഏറെ നാൾ വേണ്ടിവരില്ല. ടൈപ്പ്റൈറ്റർ
കീബോർഡിന്റെ യുക്തിക്കനുസരിച്ച് പരിഷ്ക്കരിക്കപ്പെട്ട ലിപികൾ
പ്രദർശിപ്പിക്കാൻ അവിടെതന്നെ നാം ഇടം കണ്ടെത്തണം.
- പി. എൻ. ഉണ്ണികൃഷ്ണൻ
ലിപികളുടെ സൗന്ദര്യവും വടിവും ഒരു പൈതൃകത്തിന്റെ സംസ്കാരസാരമാണ്
ഉൾക്കൊള്ളുന്നത്. അത് സൗകര്യാനുസരണം മാറ്റിമറിക്കുമ്പോൾ മുറിവേൽക്കുന്നത്
നമ്മുടെ സൗന്ദര്യബോധത്തിനുതന്നെയാണ്.
- പ്രൊഫ. എം. കെ. സാനു
ആഗോളവൽക്കരണത്തിന്റെ ഈ കാലഘട്ടത്തിൽ സ്വന്തം സാംസ്കാരികത്തനിമ കണ്ടെത്താനുള്ള
മലയാളികളുടെ അർത്ഥവത്തായ ശ്രമങ്ങളിലൊന്നാണ് രചന.
- പ്രൊഫ. എം. എൻ. വിജയൻ
ഞാൻ രചനയുടെ പക്ഷത്താണ്.
- പ്രൊഫ. എസ്. ഗുപ്തൻ നായർ